മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 06 | THE ONLINE OFFICIAL NEWS BULLETTIN | 2020 February 8

SEASON OF EPIPHANY | ദനഹകാലം | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
9 ♪7 hadbšabo d kohné Sunday of the All Departed Priests 11th Mem. of Mathews Mar Epiphanios (St. Thomas Cathedral, Kollam)	10 ♪3	11 ♪7	12 ♪3	13 ♪7 88th Mem. of Patriarch Mar Elias III of Antioch (Manjanikara Dayra)	14 ♪3	15 ♪7

ப. കാതോലിക്ക ബാവ പരുമല സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

പെരുമ്പാവൂർ ബഥേൽ സുലോക്കോ ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ മാർ കൗമായുടെ ഓർമ്മപ്പെരുന്നാൽ ഡോ .യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര സമിതി സംഘടിപ്പിച്ച തലമുറകളുടെ സംഗമം തിരുവല്ല കട്ടപ്പുറം പള്ളിയിൽ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

റഷ്യൻ ഓർത്തഡോക്സ് സഭാ ഔദ്യോഗിക സംഘം പ. കാതോലിക്ക ബാവായെ സന്ദർശിച്ചു.

സെമിത്തേരികളെ പൊതുശ്മശാനമാക്കാൻ നീക്കം: ബില്ലിനെതിരെ ഓർത്തഡോക്സ് സഭ

പരുമല: സെമിത്തരി ബില്ലിനെതിരെ പ്രതിഷേധവുമായി ഓർത്തഡോക്സ് സഭ. ബില്ലിലൂടെ ക്രിസ്ത്യൻ സെമിത്തേരികളെ പൊതുശ്മശാനമാക്കാനാണ് സർക്കാരിന്റെ നീക്കമെന്ന് പ. കാതോലിക്ക ബാവ.

സഭകൾ തമ്മിലുള്ള തർക്കം തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും ബിൽ അതിനുവേണ്ടിയാണെന്നും കാതോലിക്ക ബാവ കുറ്റപ്പെടുത്തി. തർക്കം അവസാനിപ്പിക്കണമെങ്കിൽ സുപ്രീംകോടതി വിധി നടപ്പാക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

മൂന്ന് നോമ്പ് ആചരണം

അബു റോഡ്: അഹമ്മദാബാദ് ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജ്യോതിസ് ദയറായിൽ മൂന്നുനോമ്പ് ഭദ്രാസനാധിപൻ ഡോ. പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസിന്റെ മുഖ്യകാർമ്മികത്വത്തിലും മുഖ്യാതിഥികളായി എത്തിയ ഫാ. ഡോ. ബേബി വർഗീസിന്റെയും ഫാ. മാത്യൂസ് ജോർജിന്റെയും നേതൃത്വത്തിൽ നടക്കുകയുണ്ടായി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

“കൊള്ളാം, ഉത്തമനും വിശ്വസ്തനുമായ ദാസാ നീ അൽപ്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

വി. നിനുവാ നോമ്പിനും രക്ഷാകരമായ വലിയ നോമ്പിനും ഇടയ്ക്കു വരുന്ന രണ്ട് ഞായറാഴ്ചകളിൽ ആദ്യത്തേത് പ. സഭയുടെ പൗരോഹിത്യത്തെയും രണ്ടാമത്തേത് വാങ്ങിപ്പോയ വിശ്വാസസമൂഹത്തെയും ഓർക്കുവാനായി ക്രമീകരിച്ചിരിക്കുന്നു. നിനുവാ നോമ്പിന്റെ പേത്തുർത്തോ ഞായർ എല്ലാ സഭാപിതാക്കന്മാരെയും ഓർക്കുന്ന ദിവസമാണെന്നും നാം കണ്ടു. ചുരുക്കത്തിൽ വി. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പ. നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, സന്യാസപിതാക്കന്മാർ, ശ്രേഷ്ഠ വൈദികർ, വിശ്വാസികളായ വാങ്ങിപ്പോയവർ എന്നിങ്ങനെ ആദം മുതൽ ഇന്നയോളം ക്രിസ്തുവിൽ വിശ്വസിച്ചവരായ എല്ലാവരെയും ഈ ദിനങ്ങളിൽ നാം ഓർക്കുന്നു.

സാധാരണ രീതിയിൽ ദിവസത്തിന്റെ അവസാന യാമമായ 9-ാം മണിയിലും ആഴ്ചയിലെ അവസാന ദിനമായ ശനിയാഴ്ചയുമാണല്ലോ നാം വാങ്ങിപ്പോയവരെ ഓർക്കുന്നത്. ആരാധനാവർഷത്തിലും അവസാന കാലഘട്ട (സ്ലീബാ യുഗാന്ത്യകാലം) ത്തിൽ ‘മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനു’മായി നാം നോക്കി പാർക്കുന്നുമുണ്ട്. പിന്നെ എന്തുകൊണ്ട് ഈ സമയത്ത് ‘കൊഹ്നെ-വ്-ആനിദെ’ കടന്നുവരുന്നുയെന്ന ചോദ്യത്തിന് പിതാക്കന്മാർ നൽകുന്ന ഉത്തരം മലങ്കരയുടെ മഹാ മല്പാനായിരുന്ന ഞങ്ങളുടെ വന്ദ്യ ഗുരു ഉദ്ധരിച്ചത് ഓർക്കുന്നു:



1. രക്ഷാകരമായ വി. വലിയനോമ്പിലേക്ക് രക്ഷണ്യ സമൂഹമായ പ. സഭ ഒന്നിച്ചാണ് പ്രവേശിക്കുന്നത്. വി. വലിയനോമ്പിന്റെ സാർവ്വത്രികഭാവം ഇവിടെ സൂചിപ്പിക്കപ്പെടുന്നു. സർവ്വപ്രപഞ്ചത്തിനും വേണ്ടി ജീവലോകവും മൃതലോകവും ഒന്നിച്ച് അനുഷ്ഠിക്കുന്നതാണ് വി. വലിയ നോമ്പ്. മനുഷ്യനുവേണ്ടി മാത്രമല്ല, സർവ്വപ്രപഞ്ചത്തിന്റെയും മോചനത്തിനുവേണ്ടിയാണ് പ. സഭ യാചിക്കുന്നത്. ഓർത്തഡോക്സ് ആരാധനാശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണമാണിത്. ‘സമസ്തലോകത്തിനും സൗഖ്യമുണ്ടാകട്ടെ’ എന്ന പ്രാർത്ഥനയില്ലാത്ത ഒരു ആരാധനയും സഭയ്ക്ക് ഇല്ല എന്ന് ഓർക്കണം!

2. വി. നോമ്പിന്റെ അനുഭവം തീക്ഷ്ണമാണ്. ഒരുക്കത്തോടെ നോമ്പനുഷ്ഠിക്കുന്നവർക്ക് അനേകം പരീക്ഷണങ്ങളും പ്രതിസന്ധികളും ഉണ്ടാകുവാൻ ഇടയുണ്ട്. നോമ്പനുഷ്ഠിക്കുന്നവരിൽ സാത്താൻ തോൽക്കുകയും കൊല്ലപ്പെടുകയും ചെയ്യും എന്നതിനാൽ നോമ്പിന്റെ തീവ്രത കൂടുംതോറും അനുഷ്ഠിക്കുന്നവന്റെ പ്രതിസന്ധികളും വർദ്ധിക്കും. ‘നാല്പതു ദിവസം ഉപവസിച്ചപ്പോൾ അവന് വിശുന്നുവെന്നും അപ്പോൾ പരീക്ഷകനായ സാത്താൻ പ്രലോഭനങ്ങളുമായി അവന്റെ അടുത്ത് വന്ന് അവനെ പരീക്ഷിച്ചുവെന്നും’ നാം വായിക്കുന്നു. നമ്മുടെ കർത്താവിനെപ്പോലെ പിശാചിനെ ശാസിച്ച് പുറത്താക്കുവാൻ നമുക്ക് കഴിയണം. പ. പിതാക്കന്മാരുടെ മാദ്ധ്യസ്ഥം ആയതിന് നമ്മെ ഏറെ സഹായിക്കും എന്നതിനാൽ നാം അവരെ ഓർത്ത് നമ്മോട് ചേർത്തുനിർത്തുന്നു.

അതികഠിനമായ മരുഭൂയാത്രയാകുന്ന വലിയനോമ്പിന്റെ ഓട്ടം പൂർത്തിയാകുവാനുള്ള ഉത്തമ മാർഗ്ഗം പിതാക്കന്മാരുടെ പാതയിൽ സഞ്ചരിക്കുകയെന്നതാണ് എന്ന് വിവക്ഷ. സാക്ഷികളുടെ സമൂഹം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നതും ഈ വിശ്വാസ സമൂഹത്തെയാണ്.

വി. ത്രിത്വഭാവം സാക്ഷികളുടെ സമൂഹത്തിനും ഉണ്ട്. ആയതിൽ ഒന്നാം ഭാഗം വിശുദ്ധ പിതാക്കന്മാരുടെ ഗണം. രണ്ടാം ഭാഗം വാങ്ങിപ്പോയ വൈദികരുടെ ഗണം. മൂന്നാം ഭാഗം വിശ്വാസികളായ എല്ലാ വാങ്ങിപ്പോയവരുടെയും ഗണം. യഥാക്രമം ഇവർ ഓർക്കപ്പെടുന്നു; വി. പിതാക്കന്മാർക്ക് ആരാധന സംഗീത ക്രമീകരണത്തിൽ 6-ാം നിറവും വൈദികർക്ക് 7-ാം നിറവും വിശ്വാസികൾക്ക് 8-ാം നിറവും ആയി ആരാധന ക്രമീകരിച്ചിരിക്കുന്നതും ഇവിടെ ഓർക്കണം.

കൊഹനെ ഞായറാഴ്ചയിലെ ആദ്യ പഴയനിയമവായന അഹറോന്യ പൗരോഹിത്യത്തെ കുറിച്ചാണ് (സംഖ്യാ പുസ്തകം 20:23-29). ഹോർ പർവ്വതത്തിൽ വച്ച് അഹറോന്റെ പുരോഹിതവസ്ത്രം അവന്റെ മരണത്തിനു മുമ്പ് ഊരിയെടുത്ത് അവന്റെ മകനായ ഏലയാസറെ മോശ ധരിപ്പിക്കുന്നു. അഹറോൻ ഹോർ പർവ്വതത്തിൽ വച്ച് മരിക്കുകയും അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്യുന്നു. പൗരോഹിത്യ ക്രമവും അതിന്റെ പിൻതുടർച്ചാവകാശവും ദൈവിക പ്രമാണങ്ങളാണ് എന്ന് വ്യക്തമാക്കപ്പെടുന്ന ഭാഗമാണിത്.

മരണത്തെക്കുറിച്ചുള്ള ഒരു തത്വശാസ്ത്ര ചർച്ചയാണ് ഈയോബിന്റെ പുസ്തകത്തിൽ നിന്നുമുള്ള വായന. ഒരു വൃക്ഷം വെട്ടി മാറ്റപ്പെട്ടാലും അതിന്റെ വേർ നിലത്തു പഴകിപ്പോയാലും അതിന്റെ കുറ്റി മണ്ണിൽ കെട്ടുപോയാലും വെള്ളത്തിന്റെ ഗന്ധം കൊണ്ട് അത് പിന്നെയും കിളിർക്കുകയും ഇളം കൊമ്പുകൾ വിടരുകയും ഒരു തൈ പോലെ തളിരിടുകയും ചെയ്യും (ഇയ്യോബ് 14:7-22) എന്ന് പ്രസ്താവിക്കുന്നു. ദൈവത്തിൽ പ്രത്യാശയുള്ളവൻ മരിച്ചാലും നില നിൽക്കുമെന്നും എന്നാൽ പ്രത്യാശയില്ലാത്തവന് ജീവനുമില്ല എന്ന് സമർത്ഥിക്കുന്നു.

മഹാജ്ഞാനിയായ ശലോമോന്റെ ജ്ഞാനത്തിൽ നിന്നുമുള്ള പ്രത്യേക വായനയിൽ (ബാറാസീറ 4:7-16) നീതിമാന്റെ മരണവും ദുഷ്ടന്റെ മരണവും തമ്മിലുള്ള അന്തരവും വർണ്ണിക്കുന്നുണ്ട്. വാർദ്ധക്യം കാലദൈർഘ്യത്താൽ മാനിക്കപ്പെടുന്നതോ വർഷങ്ങളുടെ എണ്ണത്താൽ അളക്കപ്പെടുന്നതോ അല്ല; മറിച്ച് കുറ്റമറ്റ ജീവിതമാണ് പക്വവാർദ്ധക്യം എന്ന് വായിക്കുന്നു. കുറഞ്ഞ കാലംകൊണ്ട് പൂർണ്ണത നേടുന്നവർ വിശുദ്ധിയുടെ വാർദ്ധക്യം അഥവാ നിത്യത പ്രാപിക്കുന്നു. എന്നാൽ ദുഷ്ടതയിൽ ദീർഘകാലം വസിക്കുന്നവരെ ആരും ഓർക്കുവാൻ ആഗ്രഹിക്കുന്നില്ല എന്ന ജ്ഞാനവാക്കുകൾ വൈദികരുടെ കാര്യത്തിൽ കൂടുതൽ അന്വർത്ഥമാകുന്നു. ബാലൻ നൂറു വയസ്സുള്ളവനായി മരിക്കും, പാപിയോ നൂറു വയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ

എന്നേ വരൂ എന്ന് യെശയ്യാ പ്രവാചകനും സാക്ഷിക്കുന്നു (65:13-20).

വൈദിക സ്ഥാനികളോടുള്ള പ. പൗലൂസ് ശ്ലീഹായുടെ ശക്തമായ പ്രബോധനമാണ് ആദ്യ ലേഖന ഭാഗം (അപ്പോ. പ്ര. 20:26-38); "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യ"മെന്ന കർത്തൃപ്രമാണത്തിൽ അടിയുറച്ച ജീവിതം നയിക്കുവാൻ പൗരോഹിത്യ സ്ഥാനികൾക്കു കഴിയണം എന്ന് അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനത്തിലും അവനിലുള്ള ജീവന്റെ പ്രത്യാശയിലും ജീവിക്കുകയും വിശ്വാസികളെ ആ പാതയിൽ വഴിനടത്തുകയും ചെയ്യുന്നവനാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ കൂട്ടവകാശിയാകുന്നത് എന്ന് തെസലോനിക്യരോടും അദ്ദേഹം ഓർമ്മിപ്പിക്കുന്നു (1 തെസ്സ. 4:13-5:11).

ഏവൻഗേല്യോൻ ഭാഗങ്ങൾ എല്ലാംതന്നെ പൗരോഹിത്യത്തെ താലന്തുകളുടെ ഉപമയിലൂടെയാണ് അവതരിപ്പിക്കുന്നത്. കർത്താവ് നൽകുന്ന വലിയ താലന്താണ് വി. പൗരോഹിത്യ നൽവരം. അതിനെ ഇരട്ടിയായി വർദ്ധിപ്പിക്കുന്നവൻ ഉത്തമനും വിശ്വസ്തനുമായ ദാസനാണ്. എന്നാൽ ലഭിച്ച താലന്ത് കുഴിച്ചുമൂടുകയും നൽകിയ ഉടമസ്ഥനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നവൻ ദുഷ്ടനും മടിയനുമായ ദാസനാണ് എന്നും കർത്താവ് വ്യക്തമായി പറയുന്നു. അവനെ പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. താലന്തുകളെ വർദ്ധിപ്പിച്ചവരുടെയും കുഴിച്ച് മൂടിയവരുടെയും അനേകം ഉദാഹരണങ്ങൾ മലങ്കരസഭയുടെ പൗരോഹിത്യ ചരിത്രത്തിലും ഉണ്ടെന്ന് നാം ഓർക്കണം. വിശ്വസ്തരും ബുദ്ധിമാന്മാരുമായ ദാസന്മാരായി നമ്മുടെ പൗരോഹിത്യവൃന്ദം കാണപ്പെടുവാൻ ഇടയാകണം എന്ന ആഹ്വാനം പുരോഹിത സ്മരണയുടെ ഈ പെരുന്നാളിൽ നിറഞ്ഞുനിൽക്കുന്ന ആശയമാണ്.

പൗരോഹിത്യ വേലയിൽ നിന്നും പിരിഞ്ഞ് നിന്റെ സന്നിധിയിലേക്ക് പുറപ്പെട്ടിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരുടെ ഓർമ്മ പാവനമാക്കുകയും അവരെ അബ്രഹാമ്യ മടികളിൽ വിശ്രമിപ്പിക്കുകയും സ്വർഗ്ഗീയ സൈന്യങ്ങളോടൊപ്പം നിനക്ക് ആത്മീയ ശുശ്രൂഷ നിർവ്വഹിക്കുവാൻ അവരെ യോഗ്യരാക്കുകയും ചെയ്യണമെ എന്നാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ നാം ആവർത്തിക്കുന്നത്.

പുരോഹിതന്മാരെ അലങ്കരിക്കുന്നവനും അവരെ പൂർത്തീകരിക്കുന്നവനും അവരെ തന്റെ ശ്രീഭണ്ഡാരത്തിന് അവകാശികളാക്കുകയും ആവശ്യക്കാർക്ക് തന്റെ സമ്പത്തിനെ വിഭജിച്ചു കൊടുക്കുവാൻ അവരെ ചുമതലപ്പെടുത്തി ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോൽ അവരെ ഏൽപിക്കുകയും കെട്ടുവാനും അഴിക്കുവാനും അവരെ നിയോഗിക്കുകയും ചെയ്യുന്ന കർത്താവിന് സ്തുതി എന്ന് നാം പ്രാർത്ഥിക്കുമ്പോൾ പൗരോഹിത്യത്തിന്റെ അന്യൂനമായ സ്ഥാനം എത്ര ശ്രേഷ്ഠമാണെന്ന് ഓർക്കണം.

പ. സഭയുടെ പൗരോഹിത്യ സമ്പത്തിനെ ഓർത്ത് അവർക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുവാനുള്ള കടമ വിശ്വാസസമൂഹത്തിനുണ്ട്. വി. കുർബാനയുടെ അവസാനത്തിലുള്ള ആശീർവാദത്തിൽ വൈദികർ തന്നെ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെ എന്ന് അപേക്ഷിക്കുന്നു: "ഞാനോ ബലഹീനനും പാപിയുമായ ദാസനാകുന്നു; നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ." ഈ അപേക്ഷ കേവലം യാന്ത്രികമായി തീരരുത്. ഒപ്പം നമുക്കുവേണ്ടി ഒരു ബലിയെങ്കിലും അർപ്പിച്ചിട്ടുള്ള എല്ലാ പുരോഹിതരെയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുവാനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്.

അതികഠിന പ്രതിസന്ധികളുടെ മദ്ധ്യത്തിലും താലന്തുകളെ വർദ്ധിപ്പിച്ച് തന്നെ ഭരമേൽപിച്ച പ. സഭയെ ഭാസുരമാക്കിയ പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് പിതാവിന്റെ ഓർമ്മയും ഈ ആഴ്ചയിൽ പ. സഭ ആഘോഷിക്കുന്നു.

"കൊള്ളാം ഉത്തമനും വിശ്വസ്തനുമായ ദാസാ!" എന്ന വിളിക്ക് നാമും യോഗ്യരായിതീരട്ടെ എന്ന് അവരുടെ മാദ്ധ്യസ്ഥതയിൽ നമുക്കും ശരണപ്പെടാം. ❑

പ. കാതോലിക്ക ബാവ തിരുമേനിയെ മുൻ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി ടീച്ചറും, സി.പി.ഐ (എം) സംസ്ഥാന സമിതി അംഗം ആർ. സനൽ കുമാറും സന്ദർശിച്ചു.

ഞാറക്കാട് പള്ളിയിൽ മെത്രാപ്പോലീത്തായ്ക്കും പുരോഹിതന്മാർക്കും കയറാമെന്ന് ജില്ലാ കോടതി

ഞാറക്കാട്: സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വികാരി അല്ലാതെ പെരുന്നാളിന് മറ്റു വൈദികർ പ്രവേശിക്കുകയോ ശുശ്രൂഷകളിൽ പങ്കെടുക്കുകയോ ചെയ്യരുത് എന്ന യാക്കോബായ വിഭാഗത്തിന്റെ പരാതിയെ തുടർന്ന് പോലീസ് നൽകിയ ഓർഡറിന് എതിരായി ഓർത്തഡോക്സ് വിഭാഗം കോടതിയെ സമീപിച്ചു. ഓർത്തഡോക്സ് വിഭാഗത്തിന്റെ കൈവശമിരിക്കുന്ന പള്ളിയിൽ മറ്റു വൈദികർ കയറരുതെന്ന് ഉത്തരവിടാൻ പോലീസിന് എന്തധികാരം എന്ന് ജില്ലാ കോടതി ചോദിച്ചു. ഓർത്തഡോക്സ് വിഭാഗത്തിന്റെ ഇടവക മെത്രാപ്പോലീത്തായ്ക്കും മറ്റ് അച്ചന്മാർക്കും പള്ളിയിൽ കയറി പെരുന്നാൾ ശുശ്രൂഷകൾ നടത്താൻ കോടതി അനുവദിച്ചു.

കുന്നക്കുരുടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ഐരാപുരം ഓർത്തഡോക്സ് കൺവെൻഷനിൽ വച്ച് പൗരോഹിത്യ സമർപ്പിത ജീവിതത്തിന്റെ 40 വർഷങ്ങൾ പിന്നിട്ട, യുഹാനോൻ മാർ പോളികാർപ്പോസ് തിരുമേനിയെ ഇടവകക്കു വേണ്ടി, വികാരി ഫാ. എൽദോ ഏലിയാസ് സഹവികാരി ഫാ. വിനീത് തോമസ് എന്നീവർ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു.

ഊരമന തബോർ വലിയപള്ളി വീണ്ടും തുറന്നു

നീണ്ട 16 കൊല്ലത്തെ വ്യവഹാരങ്ങൾക് വിരാമമിട്ട് 2019 ഡിസംബർ 21-ന് ഓർത്തഡോക്സ് സഭ പൂർണമായും പള്ളി ഏറ്റെടുത്തു. തീരെ ജീർണിച്ച അവസ്ഥയിൽ ആയിരുന്നു ദേവാലയം, ഒരു മാസം കൊണ്ട് പുനർ നിർമിച്ച് മനോഹരമാക്കി. 2020 ഫെബ്രുവരി 1-ന് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് കൂദാശ ചെയ്തു ദേശത്തിനു സമർപ്പിച്ചു.

ഇതിലെ ശവം എന്ന വിവക്ഷ തന്നെ തെറ്റാണ്.

ഈ ബില്ലുമായി ബന്ധപ്പെട്ട ചില ചിന്തകൾ...

'സർക്കാർ ഒപ്പമുണ്ട്' എന്ന് യാക്കോബായക്കാരോട് പിണറായി സർക്കാർ പറയുമ്പോൾ, ഓർത്തോഡോക്സ് സഭാ വിശ്വാസികൾക്ക് ഒന്നേ പറയുവാനുള്ളു: 'ഇമ്മാനുവേൽ' - അതേ 'ദൈവം നമ്മോടുകൂടെ'



ക്രിസ്തീയ വിശ്വാസമോ, ആചാരമോ ശരിയായി മനസ്സിലാക്കാത്ത, സഭാക്കേസും 2017 ജൂലൈ 3-ലെ സുപ്രീംകോടതിവിധിയും കണ്ടിട്ടില്ലാത്ത നിയമസഭാ സാമാജികർ പറഞ്ഞ വിവരവും വിവരക്കേടും കണക്കിലെടുത്ത് ശീഘ്രത്തിൽ തിരുത്തൽ വരുത്തി, ചാപിള്ളയാകും എന്നറിഞ്ഞുകൊണ്ട് പുറത്തിറക്കാനൊരുങ്ങുന്ന ബില്ല്.

2020-ലെ ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബില്ലുമായി ബന്ധപ്പെട്ട ചില ചിന്തകൾ കുറിയ്ക്കട്ടെ.

1. ആദ്യം എല്ലാ ക്രിസ്തീയ സഭകൾക്കുമായി വിഭാവനം ചെയ്ത്, എന്നാൽ ഒരു പ്രത്യേക വിഭാഗത്തെ പ്രീണിപ്പിക്കാനായി ഇറക്കിയ ബിൽ - നിയമസഭയിലെ ചർച്ചയും, ഭരണ-പ്രതിപക്ഷ അംഗങ്ങളുടെയും, ആലഞ്ചേരി പിതാവിന്റെ എതിർപ്പും കാരണം, നിയമസഭ സബ്ജക്ട് കമ്മിറ്റിയ്ക്ക് വിട്ട് ഭേദഗതികളോടെ പാസാക്കാൻ തയ്യാറാക്കി കൊണ്ടുവന്ന, നിലനില്പില്ലാത്ത ഒരു ബിൽ എന്ന് മുഖവുര.

2. 'ചക്കിനു വച്ചത് കൊക്കിനു കൊണ്ടു' എന്ന് പറയുന്നതുപോലെ, ഭേദഗതിയ്ക്ക് ശേഷം 'മലങ്കര ഓർത്തോഡോക്സ് - യാക്കോബായ വിഭാഗങ്ങൾക്ക് മാത്രം ബാധകമാക്കിയതോടുകൂടി ബിൽ കൂടുതൽ ദുർബലമായി എന്നാണു യാക്കോബായ വക്കീലന്മാർ പോലും ഇപ്പോൾ പറയുന്നത്.

3. '2017 ജൂലൈ 3 ലെ സുപ്രീം കോടതിവിധിയെ മറികടക്കാൻ' എന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാകുന്ന ബില്ലിന്റെ ഭാവി ചിന്തനീയം.

4. സുപ്രീംകോടതി സാധൂകരിച്ച 'ചോദ്യം ചെയ്യപ്പെടാൻ പോലും പാടില്ലാത്ത' മലങ്കര ഓർത്തോഡോക്സ് സഭയുടെ '1934 ഭരണഘടന'യിൽ പറയുന്ന പിശകായി 'യാക്കോബായ' എന്നും അറിയപ്പെട്ടിരുന്ന മലങ്കര ഓർത്തഡോക്സ് സഭ - അപ്പോൾ ഈ ബില്ലിൽ പറയുന്ന അഭിനവ യാക്കോബായ വിഭാഗം ഏതാണ്?

5. 2002-ൽ 'യാക്കോബായ സുറിയാനി സഭ' എന്ന പേരിൽ തട്ടിക്കൂട്ടിയ സൊസൈറ്റിയുടെ ഭരണഘടന തന്നെ സുപ്രീം കോടതി അസാധു ആക്കുമ്പോൾ ഒരു സഭയായി നിലനില്പില്ലാതെ പോയ ഒരു കൂട്ടം ആളുകൾക്കുവേണ്ടി ഒരു ബിൽ സർക്കാർ ഇറക്കുന്നതിലെ സാംഗത്യം?

6. സമാന്തരഭരണം പാടില്ല എന്ന് കോടതി ആവർത്തിച്ചുറപ്പിച്ച വിധിയെ അട്ടിമറിച്ചു ഒരു പ്രത്യേക വിഭാഗത്തിനെ വോട്ടുരാഷ്ട്രീയത്തിനു വേണ്ടി പ്രീണിപ്പിക്കാനുള്ള കുതന്ത്രമായി ഈ ബിൽ ഇതോടകം മാറിക്കഴിഞ്ഞു എന്നതല്ലേ സത്യം.

(xvii) The Church and the Cemetry cannot be confiscated by anybody. It has to remain with the Parishioners as per the customary rights and nobody can be deprived of the right to enjoy the same as a Parishioner in the Church or to be buried honourably in the cemetery, in case he continues to have faith in the Malankara Church. The property of the Malankara Church in which is also vested the property of the Parish Churches, would remain in trust as it has for the time immemorial for the sake of the beneficiaries and no one can claim to be owners thereof even by majority and usurp the Church and the properties.

7. യാക്കോബായ എന്നത് വേറെ സഭയാണെന്നും ഓർത്തോഡോക്സുകാർ ശരിയായ പൗരോഹിത്യമില്ലാത്ത കൂട്ടരാണെന്നും വാദിക്കുന്നവർ, വേറെ സഭയുടെ അതും പൗരോഹിത്യപിന്തുടർച്ച ഇല്ല എന്ന് പറയുന്നവരുടെ സെമിത്തേരിയിൽ അവരോടൊപ്പം മൃതദേഹം അടക്കണം എന്ന് പറയുന്നതിലെ പൊരുത്തക്കേട് ബില്ല് വരുന്നതോടെ ഇല്ലാതാകുമോ? വേറെ സഭയുടെ സെമിത്തേരിയിൽ സഭാംഗങ്ങൾ അല്ലാത്തവരെ അടക്കം ചെയ്യുന്ന ബില്ലോ?

8. ഏത് പൊതുശ്മശാനത്തിൽ ആണെങ്കിലും അവിടെ ഒരു ചുമതലക്കാരൻ ഉണ്ടായിരിക്കെ, അദ്ദേഹത്തിന്റെ അറിവോ സമ്മതമോ കൂടാതെ വീട്ടിൽവച്ച് കർമ്മങ്ങൾ നിർവ്വഹിച്ച് ആരുടേയും അനുവാദമോ സമ്മതമോ കൂടാതെ, നിലവിൽ ഇടവകാംഗം അല്ലാത്ത ഒരാളെ, തങ്ങൾക്ക് ഇഷ്ടമുള്ള പള്ളിയുടെ സെമിത്തേരിയിൽ (സഭ ഒന്നായിരുന്നപ്പോൾ പൂർവ്വികരെ അവിടെ അടക്കിയിട്ടുണ്ടാകാം) മൃതദേഹം കുഴിച്ചിടുന്നതിലെ ഭവിഷ്യത്തുകൾ - കല്ലറ ഫീസ് അടയ്ക്കാതെ, മരണപ്പെട്ടത് ആരെന്ന് അറിയാതെ, മരണ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിലെ ബുദ്ധിമുട്ടുകൾ അടക്കം വ്യക്തമാക്കാതെ ഒരു ബില്ല്.

9. ക്രിസ്തീയ വിശ്വാസമോ, ആചാരമോ ശരിയായി മനസ്സിലാക്കാത്ത, സഭാക്കേസും 2017 ജൂലൈ 3-ലെ സുപ്രീംകോടതിവിധിയും കണ്ടിട്ടില്ലാത്ത നിയമസഭാ സാമാജികർ പറഞ്ഞ വിവരവും വിവരക്കേടും കണക്കിലെടുത്ത് ശീഘ്രത്തിൽ തിരുത്തൽ വരുത്തി, ചാപിള്ളയാകും എന്നറിഞ്ഞുകൊണ്ട് പുറത്തിറക്കാനൊരുങ്ങുന്ന ബില്ല്.

10. മലങ്കര ഓർത്തോഡോക്സ് സഭയുടെ 1934 ഭരണഘടന അനുസരിച്ച്, സുപ്രീംകോടതിവിധിയുടെ അന്തസ്സത്ത ഉൾക്കൊണ്ട്, സഭയുടെ ഭാഗമായി നിൽക്കുന്നവർക്ക്, അവരുടെ മരണാനന്തര ആവശ്യങ്ങൾക്ക് ഉള്ള സെമിത്തേരിയിൽ, കോടതിവിധി അംഗീകരിക്കില്ല എന്നും, ഒരു ഭരണഘടനയും ബാധകമല്ല, അന്ത്യോഖ്യ-സിറിയ എന്ന് പുലമ്പിക്കൊണ്ടു നടക്കുന്ന ഒരു കൂട്ടം നിയമനിഷേധികളെ രക്ഷിക്കാൻ പിണറായി സർക്കാർ എന്ത് ബില്ല് കൊണ്ടുവന്നാലും 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്നപോലെ ആയിത്തീരുമെന്നുള്ളത് ഉറപ്പാണ്.

'സർക്കാർ ഒപ്പമുണ്ട്' എന്ന് യാക്കോബായക്കാരോട് പിണറായി സർക്കാർ പറയുമ്പോൾ, ഓർത്തോഡോക്സ് സഭാ വിശ്വാസികൾക്ക് ഒന്നേ പറയുവാനുള്ളു: 'ഇമ്മാനുവേൽ' - അതേ 'ദൈവം നമ്മോടുകൂടെ'

MJ

സഭാതർക്കം പരിഹരിക്കാൻ വേണ്ടിയാണ് ഓർഡിനൻസ് ഇറക്കിയത് അതോ സഭ തർക്കത്തിൽ യാക്കോബായ വിഭാഗത്തിനെ സഹായിക്കാൻ വേണ്ടിയോ?

ആദ്യം ഇപ്പോൾ സർക്കാർ ഇറക്കാൻ ഉദ്ദേശിക്കുന്ന ഓർഡിനൻസ് എന്താണ് എന്ന് നോക്കാം !

ഓർഡിനൻസ് കൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ് , ഒരു ക്രിസ്ത്യൻ സഭയുടെ ഇടവക പള്ളിയിൽ ഒരു കുടുംബത്തിൽ ആരെയെങ്കിലും അടക്കിയിട്ടുണ്ട് എങ്കിൽ ആ സെമിത്തേരിയിൽ ആ കുടുംബത്തിൽ ഉള്ള പിന്തലമുറക്കാരാ ആരെയും ആ സെമിത്തെരിയിൽ അടക്കാൻ സാധിക്കും. ഇതാണ് പ്രധാനമായും ഓർഡിനൻസിൽ പറയുന്നത്. ഇതിൽ ഒരു പ്രശ്നം ഒളിഞ്ഞു കിടപ്പുണ്ട്.

പള്ളി സെമിത്തേരിയിൽ അടക്കണം എങ്കിൽ പള്ളി വികാരിയെ അറിയിക്കണം എന്നും ആ വികാരി കർമങ്ങൾ ചെയ്യണം എന്നുള്ളത് ഓർത്തഡോക്സ് എന്നോ, കാത്തോലിക്ക എന്നോ മാർത്തോമാ എന്നോ വ്യത്യാസം ഇല്ലാതെ കാലങ്ങളായി നടന്നു വരുന്ന രീതിയും ഓരോ സഭയുടെയും വിശ്വാസത്തിന്റെ വിഷയവുമാണ് .എന്നാൽ ഓർഡിനൻസ് നിലവിൽ വന്നാൽ എവിടെയെങ്കിലും വച്ച് എന്തെങ്കിലും ശുശ്രൂഷകൾ നടത്തി പൂർവികരെ അടക്കിയിട്ടുണ്ട് എങ്കിൽ അവിടെ കൊണ്ടുപോയി കുഴിച്ചിടാം

അതായതു ഔസേപ്പ് എന്ന ഒരാൾ കത്തോലിക്ക സഭയിൽ നിന്ന് പെന്തിക്കോസ്തിലേക്ക് പോയി. ഔസേപ്പിന്റെ അപ്പനെ അടക്കിയിരിക്കുന്നത് പള്ളി സെമിത്തേരിയിൽ ആണ്. അപ്പൊ ഓർഡിനൻസ് പ്രകാരം പെന്തിക്കോസ്തു കാരനായ ഔസേപ്പിനെ പള്ളി സെമിത്തേരിയിൽ അടക്കണം. പള്ളിയിൽ ശുശ്രൂഷ വേണ്ട, അച്ചൻ വേണ്ട, ഒന്നും വേണ്ട.

സഭാതർക്കം പരിഹരിക്കാൻവേണ്ടിയാണ് ഈ ബില്ലിന് രൂപം നൽകിയത് എന്ന് പറയുന്നു. ഒരു വിഭാഗത്തിനെ മാത്രം ഗുണം ചെയ്യുന്ന ഓർഡിനൻസ് കൊണ്ട് എങ്ങനെ തർക്കം പരിഹരിക്കും? ഓർത്തഡോക്സ് യാക്കോബായ സഭകളിൽ ആർക്കാണ് ഈ ഓർഡിനൻസ് കൊണ്ട് ഗുണം?

യാക്കോബായ വിഭാഗവുമായി അവിശുദ്ധ ബന്ധം പുലർത്തുന്നു എന്നതിന് പേരുകേട്ട സർക്കാരാണ് ഇപ്പോൾ നിലവിൽ ഉള്ളത്, ഒരു മുൻസിഫ് കോടതിയിൽ നിന്ന് പോലും വിധി വന്നാൽ ആ വിധി നടപ്പാക്കാൻ ഉള്ള ബാധ്യത സർക്കാരിന് ഉണ്ട് , എന്നാൽ ഇന്ന് കേരളത്തിൽ സഭാതർക്കവുമായി ബന്ധപ്പെട്ടു ഹൈക്കോടതിയിൽ നിന്ന് പോലും ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ വിധി വന്നിട്ട് നടപ്പാക്കാൻ ഒരു നടപടിയും എടുക്കുന്നില്ല എന്ന സാഹചര്യം നിലനിൽക്കെയാണ് ഈ ഓർഡിനൻസിക്കൊണ്ട് സർക്കാരിന്റെ രംഗപ്രവേശനം.

മലങ്കരയിലെ 1064 പള്ളിയിലോ പള്ളി സെമിത്തേരിയിലോ യാതൊരുവിധ അവകാശവും യാക്കോബായ പക്ഷത്തിനു ഇല്ല എന്ന് മുൻസിഫ് കോടതിൽ മുതൽ സുപ്രീംകോടതി വരെ ആവർത്തിച്ചു പറഞ്ഞിട്ടും അതിനു എതിരായി ഓർഡിനൻസ് ഇറക്കിയിരിക്കുന്നത് .

ഒരു അവകാശവും ഇല്ലാത്ത സെമിത്തേരിയിൽ യാക്കോബായ വിഭാഗത്തിന് തങ്ങളുടെ ശവസംസ്കാരം നടത്താൻ അനുമതി കൊടുക്കുന്നത് വഴി, 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധിയുടെ പരസ്യമായ ലംഘനം ആണ് സർക്കാർ നടത്തുവാൻ ശ്രമിക്കുന്നത്.

മലങ്കര സഭാംഗം ആയിരിക്കുന്ന ഏതൊരു വ്യക്തിയുടെയും ശവസംസ്കാര ശുശ്രൂഷകൾ നടത്തി കൊടുക്കാൻ ഒരു വൈമനസ്യവും ഇന്നേ ദിവസം വരെ മലങ്കര ഓർത്തഡോക്സ് സഭ പ്രകടിപ്പിച്ചിട്ടില്ലാത്ത അവസരത്തിൽ ഇത്തരം ഒരു ഓർഡിനൻസ് മുഖാന്തരം സഭാതർക്കത്തെ അനന്തമായി നീട്ടി കൊണ്ട് തങ്ങളുടെ സ്വാർത്ഥ ലാഭം കൊയ്യാൻ ഉള്ള ശ്രമങ്ങൾ ആണ് ഇടതു പക്ഷ സർക്കാർ ആസൂത്രണം ചെയ്യുന്നത്

ഇടതുപക്ഷ സർക്കാരിന്റെ വഴിവിട്ട ഈ യാക്കോബായ കൂട്ടുകെട്ട് മൂലം കേരളത്തിൽ നിലവിൽ ഉള്ള എല്ലാ ക്രൈസ്തവ സഭാ സമൂഹങ്ങൾ ഭീതിയിലാണ്. ഒരു ഇടവകയുടെ ആ ഇടവകയിലെ അംഗങ്ങളുടെ ശവസംസ്കാരങ്ങൾ മാത്രം നടത്തിക്കൊണ്ടിരിക്കുന്ന പള്ളി സെമിത്തേരികൾ പൊതു ശ്മശാനങ്ങൾ ആക്കി മാറ്റുവാൻ ആണ് ഈ ഓർഡിനൻസ് ശ്രമിക്കുന്നത്. ഇത് കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥിതിക്കെതിരെയുള്ള ഇടത് പക്ഷ സർക്കാരിന്റെ കടന്ന് കയറ്റമായി വേണം കരുതുവാൻ.

– ഓർത്തഡോക്സ് വിശ്വാസ സംരക്ഷകൻ

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ വാർഷികവും അനുസ്മരണ സമ്മേളനവും കുറിച്ചി വലിയപള്ളിയിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ മൂന്നാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ (കുറിച്ചി ബാവാ)യുടെ സ്ഥാനാരോഹണ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം 2020 ഫെബ്രുവരി മാസം 15-ാം തീയതി ശനിയാഴ്ച അദ്ദേഹത്തിന്റെ മാതൃ ഇടവകയായ കുറിച്ചി വലിയ പള്ളിയിൽ നടക്കും. രാവിലെ 7-ന് വിശുദ്ധ കുർബ്ബാനയ്ക്ക് അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ കാർമികത്വം വഹിക്കും. 10.30-ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ ഉദ്ഘാടനം ചെയ്യും.

സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, മെത്രാപ്പോലീത്തമാരായ സഖറിയാ മാർ നിക്കോളവാസ്, യൂഹാനോൻ മാർ പോളിക്കർപ്പോസ്, ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്, വൈദിക ട്രസ്റ്റി റവ. ഫാ. ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കോട്ടയം മെത്രാസന സെക്രട്ടറി ഫാ. പി. കെ. കുറിയാക്കോസ് പണ്ടാരക്കുന്നേൽ, ജനറൽ കൺവീനർ ഫാ. കെ. എം. മാത്യു കുളക്കാട്ടുശ്ശേരിൽ കോർ എപ്പിസ്ക്കോപ്പാ, കുറിച്ചി വലിയ പള്ളി വികാരി ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ, കുറിച്ചി ചെറിയപള്ളി വികാരി ഫാ. കുറിയാക്കോസ് ബേബി എന്നിവർ അനുസ്മരണ പ്രസംഗം നടത്തും.

മലങ്കരസഭയിലെ ശ്രേഷ്ഠരായ അൽമായ നേതാക്കൾ

ഇട്ടൂപ്പ് റൈട്ടർ: അച്ചടിക്കപ്പെട്ട ആദ്യ സഭാചരിത്ര രചയിതാവ്

ജോയ്സ് തോട്ടയ്ക്കാട്

അച്ചടിക്കപ്പെട്ട ആദ്യ മലങ്കരസഭാ ചരിത്രമായ “മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്ര”ത്തിന്റെ രചയിതാവാണ് മലങ്കരസഭാ ചരിത്രകാരന്മാരിൽ പ്രമുഖനായ പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ.

1821 മെയ് മാസത്തിൽ കോട്ടയത്ത് പുകടിയിൽ കുടുംബത്തിൽ ഇട്ടൂപ്പിന്റെ പുത്രനായി ജനിച്ചു. ജ്യേഷ്ഠനായ കുര്യൻ ഇട്ടൂപ്പിന്റെ ഉത്സാഹത്താൽ സ്കൂളിൽ ചേർത്തു. അവിടെ തമിഴും മലയാളവും അഭ്യസിച്ചു. തുടർന്ന് ഒരു മിഷനറിയുട ശുപാർശയിൽ ബാലപാഠശാലയിൽ (ഗ്രാമർ സ്കൂളിൽ) പ്രവേശനം ലഭിച്ചു.

ഗ്രാമർ സ്കൂളിൽ നാലു വർഷം പഠിച്ചശേഷം ഇദ്ദേഹവും വേളൂർ കൊന്നയിൽ സി. ജോൺ എന്ന സഹപാഠിയും റവ. ജോസഫ് പീറ്റ് സായിപ്പിന്റെ കീഴിൽ സുറിയാനി സെമിനാരിയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടു. അന്ന് അവിടെ ഇവർ രണ്ടാളും ഉൾപ്പെടെ പത്തു കുട്ടികളും നാല്പതോളം ശെമ്മാശന്മാരും പഠിക്കുന്നുണ്ടായിരുന്നു. ശെമ്മാശന്മാരിൽ പ്രധാനി പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ (പിന്നീട് മാർ അത്താനാസ്യോസ്) ആയിരുന്നു. അവിടെ കുറെനാൾ പഠിച്ചശേഷം ഒന്നാം ക്ലാസ്സിലേക്ക് പ്രവേശിപ്പിക്കപ്പെട്ടു.

കുറെനാൾ കഴിഞ്ഞപ്പോൾ ഇട്ടൂപ്പിനെയും അഞ്ച് സഹപാഠികളെയും റവ. ജോസഫ് പീറ്റ് തന്റെ ബംഗ്ലാവിലേക്ക് കൊണ്ടുപോയി അവിടെ പ്രത്യേകം ഒരു മുറിയിൽ താമസിച്ചു പഠിക്കുന്നതിന് അനുവദിച്ചു. അക്കാലത്താണ് കോട്ടയം സി.എം.എസ്. കോളജ് ആരംഭിച്ചത്.

ഇട്ടൂപ്പിന്റെ സഹപാഠികളായി അഞ്ചു പേർ ഉണ്ടായിരുന്നതിൽ തിരുവഞ്ചയിൽ മണലേൽ ഹെഡ് റൈട്ടർ കുര്യനും പുത്തൻകാവിൽ ആലുംമൂട്ടിൽ ജോർജിനും (ആദ്യം മദ്രാസ് ഗവൺമെന്റ് പരിഭാഷകനും പിന്നീട് ചാവക്കാട് മുൻസിഫും) പീറ്റ് സായിപ്പിന്റെ ശുപാർശ മൂലം തിരുവനന്തപുരത്തും നക്ഷത്രബംഗ്ലാവിലും ജോലി ലഭിച്ചു. മറ്റൊരാൾ റവ. എച്ച്. ബേക്കർ സായിപ്പിന്റെ കീഴിൽ ഉദ്യോഗം സ്വീകരിച്ചു. ഇട്ടൂപ്പും രണ്ട് സഹപാഠികളും സി.എം.എസ്. കോളജിൽ പഠിച്ചുകൊണ്ടിരുന്നു.

മദ്രാസ് ബിഷപ്പ് സ്പെൻസർ കോളജ് സന്ദർശിച്ചപ്പോൾ കുട്ടികളുടെ പഠനമികവ് പരിശോധിച്ച് ഇട്ടൂപ്പിനും കൊന്നയിൽ സി. ജോൺ എന്ന സഹപാഠിക്കും മൂന്നു രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ചു.

മലയാളം, തമിഴ്, ഇംഗ്ലീഷ്, ഗ്രീക്ക്, ലാറ്റിൻ ഭാഷകൾ കോളജിൽ നിന്നു പഠിച്ചതിനു പുറമെ ഇട്ടൂപ്പിന് ഹിന്ദുസ്ഥാനി മുതലായ ഭാഷകളിലും വേണ്ടത്ര പരിജ്ഞാനമുണ്ടായിരുന്നു.

കോളജ് വിദ്യാഭ്യാസ കാലത്ത് പുത്തനങ്ങാടി പുളിക്കൽ വർക്കിയുടെ മകൾ ചാച്ചിയെന്ന പതിമൂന്നുകാരിയെ വിവാഹം ചെയ്തു. വിദ്യാഭ്യാസത്തിനു ശേഷം കോളജ് പ്രിൻസിപ്പലായ റവ. ജോൺ ചാപ്പ്മാന്റെ ശുപാർശപ്രകാരം തിരുവിതാംകൂർ വനസഞ്ചയം കൺസർവേറ്റർ പി. ഡബ്ലിയു. ഡി. മൺട്രോ സായ്പിന്റെ മുൻഷിയായി ഏഴു രൂപ ശമ്പളത്തിൽ നിയമിക്കപ്പെട്ടു. രണ്ടു വർഷത്തിനുശേഷം മൻട്രോ സായിപ്പ് നിര്യാതനായപ്പോൾ ഇട്ടൂപ്പ് ആ ജോലി വിട്ട് അതേ ശമ്പളത്തിൽ തന്നെ റവ. ബേക്കർ സായ്പിന്റെ (സീനിയർ) കൂടെ റൈട്ടറായി ചേർന്നു. മൂന്ന് വർഷത്തിൽപരം കാലം റൈട്ടറായും ബേക്കർ സായ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ ഒരു ഭാഗത്തിന്റെ ഇൻസ്പെക്ടറായും ജോലി നോക്കി. ബേക്കർ സായിപ്പ് കോട്ടയം മിഷൻ വിട്ട് ആലപ്പുഴയിൽ പ്രവർത്തിക്കുന്ന സമയത്ത്, കോട്ടയം മിഷൻ ചുമതല വഹിച്ച റവ. ജോൺ ജോൺസൺ സായ്പിന്റെ കീഴിൽ ഇട്ടൂപ്പ് പ്രവർത്തിച്ചു. ബേക്കർ സായ്പ് വിദേശത്തു പോയപ്പോൾ അദ്ദേഹത്തിന്റെ ശുപാർശപ്രകാരം ബ്രിട്ടീഷ് കൊച്ചിയിൽ കല്ലൻ ജഡ്ജിയുടെ മുൻഷിയായും, പിന്നീട് അദ്ദേഹത്തിന്റെ ശുപാർശപ്രകാരം ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്നും അക്കാലത്ത് നടപ്പാക്കിയ തപാൽ വകുപ്പിൽ ബ്രിട്ടീഷ് കൊച്ചിയിൽ ഒരു ക്ലർക്കായും നിയമിച്ചു. തപാൽ വകുപ്പിൽ മൂന്നു വർഷം ജോലി ചെയ്തു. ലണ്ടനിൽ നിന്നും വന്ന ഏതാനും ധനിക വ്യാപാരികൾ കൊച്ചിയിൽ കച്ചവടങ്ങൾ തുടങ്ങിയപ്പോൾ ആലക്സ സി. ബ്രൈസ കമ്പനിയിൽ 50 രൂപ ശമ്പളത്തിൽ ബുക്ക് കീപ്പറായി ഇട്ടൂപ്പ് ജോലിക്ക് കയറി. കൊച്ചിയിൽ മുമ്പുണ്ടായിരുന്ന ലൈറ്റ് ഹൗസ് ഇട്ടൂപ്പിന്റെ മേലന്വേഷണത്തിൽ പണി ചെയ്തതാണ്.

1860–ൽ ദേവജി ഭീമജി സേട്ടിന്റെ പരിശ്രമത്തിൽ കൊച്ചിയിൽ മലബാർ അച്ചടി കമ്പനി എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി ആരംഭിച്ചു. ഈ കമ്പനിയിൽ കുര്യൻ യൗസേപ്പ് ഇട്ടിയവിര, കുരുവിള മേനോൻ, സി. വർഗീസ് കെ. ജേക്കബ്, ചൗക്കപറമ്പിൽ സി. കുര്യൻ, പി. പൈലോ, സി. യൗസേഫ് ഈപ്പൻ മുതലായവരും അംഗങ്ങളായിരുന്നു. കമ്പനിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച വെസ്റ്റേൺ സ്റ്റാർ എന്ന ഇംഗ്ലീഷ് പ്രതിവാരപത്രത്തിന്റെയും പശ്ചിമതാരക എന്ന മലയാളപത്രത്തിന്റെയും പ്രധാന ചുമതലക്കാരൻ ഇട്ടൂപ്പ് റൈട്ടറായിരുന്നു.

1867–ൽ കൊച്ചി സന്ദർശിച്ച ഗവർണർ ലോർഡ് നപ്പിയരെ കാണുന്നതിനായി തിരുവിതാംകൂർ മഹാരാജാവ് ആയില്യം തിരുനാൾ കൊച്ചിയിൽ വന്നപ്പോൾ കൂടെ വന്നിരുന്ന ദിവാൻ സർ റ്റി. മാധവരായർ കൊച്ചിയിലെ റൈട്ടറന്മാരുടെ സേവനങ്ങളും പ്രാപ്തിയും കണ്ട് സന്തോഷിക്കുകയും, അന്വേഷണത്തിൽ അവർ കോട്ടയംകാരാണെന്ന് മനസ്സിലാക്കുകയാൽ തിരുവിതാംകൂർ ഗവൺമെന്റ് സർവ്വീസിലേക്ക് അവരെ ക്ഷണിക്കുകയും ചെയ്തു. ഈ ക്ഷണം സ്വീകരിച്ച് പോകാതിരിക്കാനായി കമ്പനി ഇട്ടൂപ്പിന് ശമ്പളം വർദ്ധിപ്പിച്ച് കൊടുത്തു.

ഇട്ടൂപ്പും ഭാര്യാസഹോദരനായ ജോസഫ് ഇട്ടിയവരയും ചേർന്ന് സംസ്കൃത ഭാഷയുടെ മൂല നിക്ഷേപമായ അമരേശം പരിഷ്കൃതമായ ‘തമിഴ്ക്കുത്ത്’ എന്ന ഭാഷാ വ്യാഖ്യാനത്തോടുകൂടി 1857–ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ചു. അക്ഷരത്തിന്റെയും ഭാഷയുടെയും സൗഷ്ഠവം കൊണ്ട് അത്യുൽകൃഷ്ടമാണ് ഈ പുസ്തകം. ഭാഷാ വ്യാഖ്യാനത്തോടു കൂടിയ അമരേശ പുസ്തകങ്ങളിൽ വച്ച് അധികമായ ആദരം ഈ കൃതിക്ക് ലഭിച്ചു. പിന്നീട് 1860–ൽ ഇന്ത്യൻ പീനൽ കോഡ് പരിഭാഷപ്പെടുത്തുന്നതിനായി ശ്രമിച്ചുവെങ്കിലും, മലങ്കരസഭയുടെ ഒരു ചരിത്രം എഴുതണമെന്ന ആഗ്രഹം ആ പരിഭാഷയിൽ നിന്നും പിൻതിരിപ്പിച്ചു.

പാമ്പാക്കുട കോനാട്ട് മല്പാൻ, കോട്ടയം കൊല്ലാട് കൈതയിൽ ഗീവർഗീസ് മല്പാൻ, മാരാമണ്ണിൽ അബ്രഹാം മല്പാൻ എന്നിവരിൽ നിന്നും ചരിത്ര വിവരങ്ങൾ ശേഖരിക്കുകയും, കുന്നംകുളങ്ങര പനയ്ക്കൽ, പാറമേൽ, കല്ലൂപ്പാറ അടങ്ങപ്പുറത്ത്, തിരുവല്ലായിൽ ചാലക്കുഴി, മാവേലിക്കര പണിക്കരുവീട്, ചേപ്പാട്ട് ആഞ്ഞലിമൂട് മുതലായ ഭവനങ്ങളിൽ സൂക്ഷിച്ചു വച്ചിട്ടുണ്ടായിരുന്ന പുരാതന കൈയെഴുത്തു ചരിത്രഗ്രന്ഥങ്ങൾ വായിച്ച് പഠിച്ച് അറിവുകൾ ശേഖരിക്കുകയും, വൈറ്റ് ഹൗസ്, ഡോ. ക്ലോഡിയസ് ബുക്കാനൻ തുടങ്ങിയവരുടെ സഭാചരിത്ര ഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്തുകയും സതീർത്ഥ്യനായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ അനുവാദപ്രകാരം മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ കോട്ടയം പഴയസെമിനാരിയിലെ രേഖ

കൾ പകർത്തിയെടുക്കുകയും, പോഞ്ഞിക്കര റസിഡൻസിയിൽ അന്നത്തെ ഗുമസ്ഥനായിരുന്ന നാണുപിള്ളയുടെ (പിന്നീട് തിരുവിതാംകൂർ ദിവാൻ) സഹായത്താൽ അവിടെയുണ്ടായിരുന്ന മലങ്കരസഭാ സംബന്ധമായ രേഖകൾ പകർത്തി എഴുതിയെടുക്കുകയും ചെയ്തു. ഇവ ഉപയോഗിച്ചാണ് ഗ്രന്ഥരചന നിർവഹിച്ചത്. മലങ്കരസഭാ ചരിത്രരേഖകളുടെ സമാഹാരവും ഏറ്റവും മൂല്യവത്തുമായ ഈ പുസ്തകം 1860-ൽ പൂർത്തിയാക്കി ഒന്നാം പതിപ്പായി ആയിരം കോപ്പികൾ അച്ചടിക്കാൻ കൊച്ചിയിൽ മലബാർ പ്രസ്സിൽ ബർണാർഡ് ഫെർണാണ്ടസിനെ ഏല്പിച്ചു.

പ്രമേഹരോഗം വർദ്ധിച്ചതിനെ തുടർന്ന് 1861 കുംഭ മാസം 13-ന് വിൽപത്രം എഴുതി 1044-ൽ 227-ാം നമ്പരായി രജിസ്റ്റർ ചെയ്തു. 14-ന് ഇട്ടൂപ്പ് നിര്യാതനായി.

ഗ്രന്ഥകർത്താവിന്റെ മരണശേഷം എട്ടു വർഷം കഴിഞ്ഞ് 1869-ൽ കൊച്ചിയിലെ വെസ്റ്റേൺ സ്റ്റാർ പ്രസ്സിൽ നിന്നും "മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം" എന്ന ഗ്രന്ഥം ആയിരം കോപ്പി പ്രസിദ്ധീകരിച്ചു. 1902-ൽ മകൻ ജോസഫ് ഈ ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു.

നവീകരണ വിഭാഗവുമായുള്ള സെമിനാരിക്കേസിൽ ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും റോയൽ കോടതിയിലും ഈ ഗ്രന്ഥം പ്രാമാണിക തെളിവായി അംഗീകരിക്കുകയും വിധിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മലങ്കരസഭാ ചരിത്രഗ്രന്ഥങ്ങളിൽ ആദ്യത്തേതാണ് ഇട്ടൂപ്പ് റൈട്ടറുടെ സഭാ ചരിത്രഗ്രന്ഥം. മലയാളത്തിൽ പുസ്തക പ്രസിദ്ധീകരണങ്ങൾ തന്നെ പരിമിതമായിരുന്ന 1869-ൽ ഈ സാഹസത്തിനു മുതിർന്ന ഇട്ടൂപ്പ് റൈട്ടറുടെ ക്രാന്തദർശിത്വം അനുപമേയമാണ്.

മലങ്കരസഭയും ഇംഗ്ലീഷ് മിഷനറിമാരുമായി 1800-കളിൽ സ്ഥാപിതമായ ബന്ധത്തിന്റെ ഫലമായി ലഭിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസ സൗകര്യം പ്രയോജനപ്പെടുത്തി ജീവിത വിജയം നേടിയ വ്യക്തിയാണ് ഇട്ടൂപ്പ് റൈട്ടർ. ഇംഗ്ലീഷ് വിദ്യാഭ്യാസവും ഇംഗ്ലീഷുകാരുമായുള്ള അടുപ്പവും മൂലം വായനാ താൽപര്യവും ചരിത്രഗവേഷണത്തിൽ ഉത്സാഹവും ഉണ്ടായി. ഐതിഹ്യങ്ങളും വാമൊഴികളും വരമൊഴികളും ലഭ്യമായ ഇതര ചരിത്രരേഖകളും എല്ലാം വളരെ പ്രയാസപ്പെട്ട് തേടിപ്പിടിച്ച് രചിച്ച ഈ സഭാചരിത്രഗ്രന്ഥം ആ കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ മഹത്തായ സംഭാവന തന്നെയാണ്.

മിഷണറിമാരുടെ പ്രവർത്തനങ്ങളെ നേരിട്ടു കാണുകയും സ്വാംശീകരിക്കുകയും കുറെയൊക്കെ അതിന് സ്വാധീനപ്പെടുകയും ചെയ്ത ഇട്ടൂപ്പ് റൈട്ടർ, സതീർത്ഥ്യനായ പാലക്കുന്നത്ത് അത്താനാസ്യോസിന്റെ പക്ഷത്തു നിലയുറപ്പിച്ചാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. അതിനാൽ പല ചരിത്രരേഖകളും നവീകരണ ആശയങ്ങൾക്ക് അനുരൂപമായി എഡിറ്റ് ചെയ്താണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രേഖകൾ അതേപടി ഉദ്ധരിക്കുക എന്നതാണ് പുസ്തകരചനയിലെ പ്രമാണമെന്ന വസ്തുത ഈ ഗ്രന്ഥത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

അന്ത്യോഖ്യൻ-നവീകരണ പക്ഷപാതിത്വമുള്ള ഗ്രന്ഥമാണിതെന്നാണ് ആധുനിക സഭാചരിത്രകാരന്മാരിൽ പ്രമുഖനായ ഫാ. ഡോ. വി. സി. ശമുവേൽ വിലയിരുത്തുന്നത്.

ഇട്ടൂപ്പിന്റെ സഭാചരിത്രത്തിൽ ഉദ്ധരിച്ചിരിക്കുന്ന രേഖകൾ പലതും എഡിറ്റഡ് ആണെന്ന് തെളിവുകളുടെ വെളിച്ചത്തിൽ 1990-കളിൽ ആദ്യമായി ചൂണ്ടിക്കാട്ടിയത് സഭാചരിത്രകാരനായ ഫാ. ഡോ. ജോസഫ് ചീരനാണ്.

"ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം" എന്ന സഭാചരിത്ര കൈയെഴുത്തു ഗ്രന്ഥം പുറത്തു വന്നതോടെ ഇട്ടൂപ്പിന്റെ സഭാചരിത്ര ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന ചില രേഖകൾ എഡിറ്റ് ചെയ്യപ്പെട്ടവയാണെന്ന് വ്യക്തമായി. പോഞ്ഞിക്കര റഡിഡൻസിയിൽ നിന്നും പകർത്തപ്പെട്ട രേഖകളുടെ കോപ്പികളോ ഉദ്ധരണികളോ ഇതുവരെ പുറത്തു വന്നിട്ടില്ലാത്തതിനാൽ, അവയിൽ, ഇട്ടൂപ്പ് റൈട്ടർ ചെയ്ത കൈക്രിയകൾ എത്രമാത്രമുണ്ടെന്നു വ്യക്തമായിട്ടില്ല (എട്ടാം മാർത്തോമ്മായോടുള്ള ചോദ്യങ്ങളും ഉത്തരങ്ങളും, പുലിക്കോട്ടിൽ ഒന്നാമൻ റമ്പാനായിരുന്ന കാലത്ത് റസിഡണ്ടിനയച്ച കത്ത് തുടങ്ങിയവ ഉദാഹരണം).

ഇട്ടൂപ്പിന്റെ സഭാചരിത്രത്തെക്കുറിച്ചുള്ള ഒരു സമകാലിക നിരൂപണം കാണുക: "ചെങ്ങഴച്ചേരി പുകടിയിൽ ഇട്ടൂപ്പ് സുറിയാനി ചരിത്രമെന്നു പേരായി ഒരു വർത്തമാനപുസ്തകം ഉണ്ടാക്കി 1869-ൽ കൊച്ചിയിൽ വെസ്റ്റേൺ സ്റ്റാർ എന്ന പ്രസ്സിൽ അച്ചടിപ്പിച്ചിട്ടുള്ളത് ഞാൻ വായിച്ചു കണ്ടു. ആ പുസ്തകം വളരെ തെറ്റുള്ളതും അതിൽ പറയുന്ന ചില കാര്യങ്ങൾ വിവരമില്ലാത്തതും നടന്നിട്ടില്ലാത്തതും ചിലത് അസത്യവും ചിലത് മുഖസ്തുതി ആയിട്ടുള്ളതും ആകുന്നു. അതിനാൽ ഇനിമേൽ ഒരു സാക്ഷിക്കായി ആ പുസ്തകത്തെ അംഗീകരിപ്പാൻ കൊള്ളുന്നതല്ല" (ഇടവഴിക്കൽ നാളാഗമത്തിൽ ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ എഴുതിയത്).

ഇട്ടൂപ്പിന്റെ സഭാചരിത്രത്തിനു മറുപടിയായി സുറിയാനി കത്തോലിക്കർ കൂനമ്മാവിൽ നിന്നും 1870-ൽ 'ജ്ഞാനദീപം' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അതുകൊണ്ടും അരിശം തീരാതെ 1872-ൽ 'കേരള രാജ്യത്തിലെ സത്യവേദ ചരിത്രം' എന്ന പേരിൽ ആദ്യ പുസ്തകം കൂടി ഉൾപ്പെടുത്തിയ ഒരു വിപുലമായ ചരിത്ര ഗ്രന്ഥവും ഇറക്കി. കൂനമ്മാവിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ അക്കാലത്ത് ഗ്രന്ഥകാരന്റെ പേര് വയ്ക്കുന്ന പതിവില്ലാഞ്ഞതിനാൽ ആരെഴുതിയതാണെന്ന് വ്യക്തമല്ല; കൂനമ്മാവ് ആശ്രമത്തിലെ ഏതോ സന്യാസി ആവാം ഗ്രന്ഥകാരൻ.

❑

മലങ്കര സഭയിലെ സഭാ തർക്കം 2017-ലെ സുപ്രീം കോടതി വിധിയോടു കൂടെ നടപ്പിലാക്കപ്പെട്ടു കഴിഞ്ഞു: കേരള നിയമ മന്ത്രി എ. കെ. ബാലൻ

തിരുവനന്തപുരം: മലങ്കരസഭയിൽ നിലനിൽക്കുന്ന തർക്കം 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധിയോടു കൂടെ ഇവിടെ നടപ്പാക്കി കഴിഞ്ഞുവെന്ന് നിയമസഭയിൽ മുഖ്യമന്ത്രിക്കു വേണ്ടി നിയമമന്ത്രി എ. കെ. ബാലൻ വ്യക്തമാക്കി. ശവസംസ്കാര ബിൽ ചർച്ചയിൽ മറുപടി പറയുകയായിരുന്നു മന്ത്രി.

1934-ലെ ഭരണഘടനയാണ് സാധു എന്നും മലങ്കരസഭയിലെ എല്ലാ പള്ളികളും ആ ഭരണഘടനപ്രകാരം ആണ് ഭരിക്കപ്പെടുണമെന്നും വിധിയിൽ പറയുന്നു. മലങ്കരയിലെ എല്ലാ പള്ളികളുടെയും അവകാശം മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണ്. ഈ വിധിപ്രകാരം മലങ്കരസഭയിൽ ഒരു വിധത്തിലുള്ള സമാന്തര ഭരണവും പാടില്ല. ഇത്തരം കാര്യങ്ങളിലൊന്നും സർക്കാരിന് യാതൊരു തർക്കവും ഇല്ല.

ഇത് ഉൾപ്പെടെയുള്ള കോടതി വിധികൾ പ്രകാരമേ മാത്രമേ ശവസംസ്കാര ശുശ്രൂഷകൾ നടക്കൂ. ഓർഡിനൻസിൽ ഉയർന്നുവരുന്ന ആശങ്കകൾ അതാത് സമിതികൾ ചർച്ച ചെയ്ത് പരിഹരിച്ച് ശേഷം മാത്രമേ നടപ്പിൽ വരുത്തുകയുള്ളുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.



424 പേജ്. വില 300 രൂപ. പരിമിതമായ കോപ്പികൾ മാത്രം.

Please Contact: Mobile/WhatsApp 7012270083

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

പുരോഹിതർ: എപ്പോഴും ഉണർന്നിരിക്കുന്നവർ

(വാങ്ങിപ്പോയ വൈദികരുടെ ഞായറാഴ്ച)

(വിശുദ്ധ മത്തായി 24:42-51)

ഫാ. യോഹന്നാൻ കെ.
(സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

പരിശുദ്ധ മൂന്നു നോമ്പ് കഴിഞ്ഞുള്ള, വലിയ നോമ്പിനാരംഭത്തിനിടയ്ക്കുള്ള രണ്ടു ഞായറാഴ്ചകളിൽ നാം ഓർക്കുക ഇഹലോക ജീവിതത്തിൽ നിന്നും വേർപിരിഞ്ഞ നമ്മുടെ പട്ടക്കാരെയും വിശ്വാസികളെയുമാണ്. ഇന്ന് വാങ്ങിപ്പോയ വൈദികരെ ഓർക്കുന്ന ഞായർ ആണ്. ‘നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ’ (എബ്രായർ 13:7) എന്ന വചനം ഇത്തരുണത്തിൽ ഓർക്കുന്നത് ഉചിതമാണ്. വി. മാമോദീസാ വഴി സഭയിലേക്ക് ആത്മീയ മക്കളെ ജനിപ്പിക്കുന്നതിനാൽ ഓരോ വൈദികരും നമ്മുടെ പിതാവായിത്തീരുന്നു. അങ്ങനെ ദൈവവിശ്വാസത്തിൽ നമ്മെ വളർത്തിയ വൈദികശ്രേഷ്ഠരെ ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനാണ് പ. സഭ ഇന്ന് നമ്മോട് ആവശ്യപ്പെടുന്നത്. അതോടൊപ്പം പൗരോഹിത്യ ശ്രേണിയിലുൾപ്പെടുന്നവർ ജാഗ്രതയുള്ളവരും, ഉണർവ്വുള്ളവരും, ശുശ്രൂഷാതൽപരരും ആയിരിക്കണമെന്നും, മറിച്ചായാൽ തീവ്രമായ തിരസ്ക്കരണത്തിന് ഇടയാകും എന്നുമുള്ള സൂചനയാണ് ഇന്നത്തെ ഏവൻഗേലിയോനിൽ കൂടി നമുക്ക് ലഭിക്കുന്നത്. മനുഷ്യപുത്രന്റെ ആഗമനത്തെ പറ്റിയാണ് വിശുദ്ധ മത്തായി 24, 25 അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നത്. വെളിപാടാത്മക ഭാഷയാണ് ഇവിടെ ഉപയോഗിക്കുന്നത്. അതിനാൽ മാനവിക സമയക്രമത്തിൽ നിന്നും ദൈവിക സമയക്രമത്തിലേക്കുള്ള മാറ്റം ഇവിടെ കാണുന്നു. ദൈവപുത്രന്റെ ആഗമനത്തിൽ യുഗാന്ത്യം വരെ നാം എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് ക്രിസ്തു രണ്ട് ചെറിയ ഉപമകളിൽ കൂടി വെളിപ്പെടുത്തുകയാണ്.

1. ഒരു ഗൃഹനാഥന്റെ ഉത്തരവാദിത്വബോധത്തിൽ ജീവിക്കുക

ഒരു ഭവനത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി അതിലെ ഗൃഹനാഥൻ ആണ്. ഭവനത്തിലെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുകയും, ഭവന നിവാസികൾക്ക് വേണ്ടുന്ന ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുകയും, ഭവനത്തെ എല്ലാ പ്രതിസന്ധികളിൽ നിന്നും രക്ഷിക്കുകയും ചെയ്യുക എന്നതാണ് ഗൃഹനാഥന്റെ കർത്തവ്യം. ഭവനത്തെ ആക്രമിച്ച് കീഴ്പ്പെടുത്താൻ കള്ളൻ വരുന്നു എന്നറിഞ്ഞാൽ ഉണർന്നിരുന്ന് ജാഗരൂകനായി, തയ്യാറായി നിൽക്കുന്നതിനും, കള്ളനെ നേരിടുന്നതിനും ഗൃഹനാഥന് കഴിയുന്നു. അങ്ങനെ സ്വഭവനത്തെ സംരക്ഷിക്കുന്നതിന് ഇടയാകുന്നു. അത്തരത്തിലുള്ള ജാകരൂകതയും ഒരുക്കവും ഓരോ വ്യക്തിക്കും ഉണ്ടാകണമെന്ന് ക്രിസ്തു മുന്നറിയിപ്പ് നൽകുന്നു.

ദൈവഭരണത്തിന്റെ ചുമതല ഏൽപ്പിക്കപ്പെട്ട വ്യക്തിയാണ് ഇവിടെ ഗൃഹനാഥൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയെങ്കിൽ ഓരോ പുരോഹിതനും ഗൃഹനാഥരാണ്. ജനങ്ങൾ ഭവനാംഗങ്ങളും. എങ്കിൽ ആ ദൈവഭവനത്തെ ഭംഗിയായും, ചുമതലാബോധത്തോടെയും കാത്തു സംരക്ഷിക്കേണ്ടത് ഓരോ പുരോഹിതന്റെയും കടമയാണ്. ആ കടമകൾ മറക്കാതിരിക്കുവാൻ പൗരോഹിത്യശ്രേണിയിലുൾപ്പെടുന്നവർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

കള്ളന്മാരുടെ പല തരത്തിലുള്ള ആക്രമണങ്ങൾ ഗൃഹത്തിന് നേരെയുണ്ടാകാം. ഒളിഞ്ഞും തെളിഞ്ഞും ആക്രമിക്കപ്പെടാം. പക്ഷേ, ഏതു സമയവും ഉണർന്നിരുന്ന്, തന്റെ ഗൃഹത്തെ കാക്കുന്നവന് ലഭിക്കുന്ന സമ്മാനമാണ് മനുഷ്യപുത്രന്റെ വരവിൽ നൽകപ്പെടുന്ന മഹനീയ സ്ഥാനം.

പരിശുദ്ധ സഭയിലെ കൂദാശാ നിർവഹണം വഴി തെരഞ്ഞെടുക്കപ്പെട്ട പുരോഹിതർ ദൈവഭവനത്തിന്റെ കാവൽക്കാരാകുന്നു. യാതൊരു മലിനവികാരങ്ങളോ, ചെളിക്കുത്തുകളോ ഇല്ലാതെ തന്റെ ജനങ്ങളെ ദൈവീകരണത്തിലേക്ക് നയിക്കുന്നു. കള്ളന്മാർക്ക് പ്രവേശിക്കാൻ സാധിക്കാത്ത വിധം വിശുദ്ധിയുടെ ഒരു മതിൽ ഭവനത്തിനു ചുറ്റും, പ്രാർത്ഥനാജീവിതം വഴി, തന്റെ കൗദാശിക കൃത്യനിർവഹണം വഴി നിർമ്മിക്കുന്നു. ഇങ്ങനെയുള്ള ഒരുക്കമാണ് ഒരു പുരോഹിതന് വേണ്ടത്.

2. ഒരു ഉത്തമ ദാസന്റെ ഉത്തരവാദിത്തം നിർവഹിക്കുക

ദാസൻ എന്നുള്ളതിന്റെ ശരിയായ പദം ഇവിടെ അടിമ എന്നതാണ്. അതിന്റെയർത്ഥം പരിപൂർണ്ണമായും യജമാനന് കീഴടങ്ങിയിരിക്കുന്ന വ്യക്തി എന്നാണ്. ഈ ഉപമയിലെ രണ്ട് ദാസന്മാർ രണ്ട് വ്യത്യസ്ത സ്വഭാവങ്ങൾ ഉള്ളവരാണ്. ഒരാൾ വിശ്വസ്തനും ബുദ്ധിമാനും. മറ്റെയാൾ ദുഷ്ടനും അവിശ്വസ്തനും. രണ്ടുപേരെയും ഏൽപ്പിക്കുന്ന ജോലി ഒന്നു തന്നെയാണ്. യജമാനന്റെ ഭവന നിവാസികൾക്ക് സമയത്ത് ഭക്ഷണം ഒരുക്കിക്കൊടുക്കുക. ബുദ്ധിമാനും വിശ്വസ്തനുമായ ദാസൻ ആ ജോലി കൃത്യമായി നിർവഹിക്കുമ്പോൾ മറ്റേയാൾ അതിന് നേർവിപരീത പ്രവർത്തിയാണ് ചെയ്യുന്നത്. തന്റെ പരിജ്ഞാനത്തിന്റെ കുറവിനാലും അധാർമിക പ്രവൃത്തിയാലും അവൻ വലിയ പാപത്തിലേക്ക് വീഴുകയാണ്.

യജമാനന്റെ മടങ്ങിവരവിൽ ഈ ദുഷ്ടനായ ദാസന് ലഭിക്കുന്ന ശിക്ഷ വളരെ വലുതാണ്. ഒരു യഹൂദ അടിമയ്ക്ക് ലഭിക്കുന്ന ശിക്ഷ, 1 ശമുവേൽ 15:33-ൽ അമാലോക്യ രാജാവായ ആഗാഗിനെ ശിക്ഷിച്ച രീതിയിൽ നാം കാണുന്നുണ്ട്. എബ്രായ ഭാഷയിൽ ‘കഷണങ്ങളാക്കുക’ എന്ന പദഘടനയ്ക്ക് ‘സഭയ്ക്ക് പുറത്താക്കുക’ എന്നർത്ഥമാണ് ഉള്ളത്. എന്നാൽ ഇവിടെ ആ പദം ഉപയോഗിക്കുന്നത് കുറച്ചുകൂടി കഠിനമായ തലത്തിലാണ്. കരച്ചിലും പല്ലുകടിയും ഉള്ള സ്ഥലത്ത് പങ്കുകാരാകുന്ന കപടഭക്തരുടെ സ്ഥാനമാണ് അവർക്കുണ്ടാകുന്നത്.

ഏൽപ്പിച്ച ഉത്തരവാദിത്വം ചുമതലാബോധത്തോടെ നിർവഹിക്കേണ്ട ദാസന്മാരാണ് ഓരോ പുരോഹിതരും. എന്നാൽ അജ്ഞത കൊണ്ട് മതിയായ കാരണങ്ങളില്ലാതെ തങ്ങളുടെ കർത്തവ്യത്തിൽ നിന്നും പിന്മാറുന്ന പുരോഹിതർ ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചു വരുന്നു. നല്ലവനും വിശ്വസ്തനുമായ ദാസൻ എന്നുള്ള യജമാനന്റെ വിളി കേൾക്കുവാനും ചുമതലാബോധം ഉള്ളവരായിരിപ്പാനും എല്ലാ പുരോഹിതർക്കും കഴിയേണ്ടതാണ്.

നമ്മിൽ നിന്നും വാങ്ങിപ്പോയ പുരോഹിതരെ ഇന്ന് നാം സ്മരിക്കുമ്പോൾ അവരിൽ ഉത്തമരായ ഗൃഹനാഥരെയും, വിശ്വസ്തരായ ദാസരെയും ആണ് നാം കാണുന്നതെങ്കിൽ, പ. സഭ ഏറ്റവും ധന്യമായ പ്രവർത്തി ഏൽപ്പിച്ച വ്യക്തികളുടെ ശ്രേഷ്ടതയാണ് തെളിയുന്നത്. അങ്ങനെയുള്ള ശ്രേഷ്ഠമായ ജീവിതം നയിക്കുവാനും ദൈവഭവനത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരായിരിക്കാനും നമുക്ക് സാധിക്കട്ടെ. പുറത്തെ അന്ധകാരവും പല്ലുകടിയും കരച്ചിലും ഉള്ള ദണ്ഡനസ്ഥലവും, കപടഭക്തിക്കാരും ഒന്നുതന്നെ നമ്മിൽ നിന്ന് വിദൂരമല്ല എന്ന മുന്നറിയിപ്പും ഇവിടെ പ്രസക്തമാണ്.

❑

റഷ്യൻ ഓർത്തഡോക്സ് സഭാ പ്രതിനിധികളും മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലിത്തയും നിരണം പള്ളി സന്ദർശിച്ചപ്പോൾ.

യൂഹാനോൻ മാർ മിലിത്തോസ് തിരുമേനി ഞാറക്കാട് പള്ളിയിൽ.

ആട്ടിൻകുന്ന് പള്ളിയിൽ സമാന്തര ഭരണം നിർത്തലാക്കി

കൊച്ചി: ആട്ടിൻകുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സമാന്തര ഭരണം നിർത്തലാക്കി എറണാകുളം ജില്ലാ കോടതി ഉത്തരവായി. പള്ളിയിൽ 1934 ഭരണഘടന അനുസരിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ നിയമിക്കുന്ന വികാരിക്കും, പുരോഹിതൻമാർക്കും മാത്രമേ, മതപരവും, ഭരണപരവുമായ കാര്യങ്ങൾ നിർവഹിക്കാനാവൂ. യാക്കോബായ വിഭാഗം വികാരിക്കും, അദ്ദേഹത്തിന്റെ പ്രതിനിധികൾക്കും, പൂർണ്ണ നിരോധനവും ഏർപ്പെടുത്തിയിട്ടുണ്ട്. യാക്കോബായ വിഭാഗം ഓർത്തഡോക്സ് വിഭാഗത്തിന് കോടതി ചെലവ് നൽകാനും ജസ്റ്റീസ് കെ. ബിജു മേനോൻ ഉത്തരവിട്ടു.

പ. പിതാക്കന്മാർക്ക് സമൂഹത്തിൽ നിന്നും പീഡനം ഏൽക്കേണ്ടി വന്നിട്ടുണ്ടന്ന് മാർ യൂലിയോസ്

കുന്നംകുളം: ആർത്താറ്റ് സെന്റ് ഗ്രീഗോറിയോസ് അരമന ചാപ്പലിന്റെ 29-ാമത് വാർഷിക പെരുന്നാൾ സമാപിച്ചു.

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് പ്രദക്ഷിണവും നേർച്ചവിളമ്പും ഉണ്ടായിരുന്നു. പരിശുദ്ധ പിതാക്കന്മാർക്ക് സമൂഹത്തിൽ നിന്നും പീഡനം ഏൽക്കേണ്ടി വന്നിട്ടുണ്ടന്ന് ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തന്റെ പെരുന്നാൾ സന്ദേശത്തിൽ പറഞ്ഞു.

വ്യാഴാഴ്ച നടന്ന സന്ധ്യാനമസ്ക്കാരത്തിന് ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് നേതൃത്വം നൽകി. ഭദ്രാസനത്തിലെ നിരവധി വൈദികരും വിശ്വാസികളും പങ്കെടുത്തു. സന്ധ്യാനമസ്ക്കാരത്തെത്തുടർന്ന് പ്രദക്ഷിണവും നേർച്ചവിളമ്പും ഉണ്ടായി. ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ ഭദ്രാസന കൗൺസിൽ അംഗങ്ങൾ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

റ്റെലിൻ തമ്പി സംസ്ഥാന വടംവലി കോച്ച്

യാക്കര: കേരള സംസ്ഥാന വടംവലി കോച്ചായി തിരഞ്ഞെടുക്കപ്പെട്ട പാലക്കാട് യാക്കര സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും പാലക്കാട് ജില്ലാ വടംവലി അസോസിയെഷൻ പ്രസിഡന്റും യാക്കര സെന്റ്. മേരീസ് പള്ളി യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറിയുമായ റ്റെലിൻ തമ്പിയെ പാലക്കാട് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു. ജിഹാസ് തമ്പി, ഫാ. ശമുവേൽ വർഗ്ഗീസ്, സിംസൺ, ലൂസി രാജ്, സാജോ ജോൺ, റിജോ റിന്നാ, സുനിത സഷിൻ, കുമാരി ക്രിസ്റ്റി കെ. റ്റെലിൻ, ഷൈജു കെ. ചാക്കോ എന്നിവർ അറിയിച്ചു. മറുപടി പ്രസംഗം ശ്രീ. റ്റെലിൻ തമ്പി നിർവഹിച്ചു. മികച്ച വിജയം കൈവരിച്ച ക്രിസ്റ്റി കെ റ്റെലിൻ , ആൻ മേരി സുബിൻ , സിറിൽ കെ സഷിൻ, ഷാലോം സോജൻ എന്നിവരെ പാലക്കാട് ഛഋഥങ പ്രവർത്തകർ ആദരിച്ചു.

മദ്ധ്യ തിരുവിതാംകൂർ ഓർത്തഡോക്സ് കൺവെൻഷൻ

'പ്രകൃതി സൗഹൃദ ഇടവക'

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ യു.കെ., യൂറോപ്പ് ആഫ്രിക്ക ഭദ്രാസനത്തിലെ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക പ്രകൃതിസൗഹൃദ ഇടവകയായി ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ പ്രഖ്യാപിച്ചു. പ്ലാസ്റ്റിക്കിന്റെയും പ്രകൃതിയെ നശിപ്പിക്കുന്ന മറ്റ് വസ്തുക്കളുടെയും ഉപയോഗം കുറയ്ക്കുന്നതിന് മുൻകൈയെടുത്തു പ്രവർത്തിച്ചത് ഇടവക യുവജനപ്രസ്ഥാനവും മാനേജിങ് കമ്മിറ്റി അംഗങ്ങളും ചേർന്നാണ്.

കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നടന്ന ഡോ: ജേക്കബ്ബ് റോയ് അനുസ്മരണം.

മാന്ദാമംഗലം പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് സഭയ്ക്ക് കൈമാറിയ ഉത്തരവ് ഹൈക്കോടതി സ്ഥിരപ്പെടുത്തി

കൊച്ചി: തൃശൂർ ഭദ്രാസനത്തിൽപ്പെട്ട മാന്ദാമംഗലം സെൻറ് മേരീസ് പള്ളി മലങ്കര സഭയുടേതെന്ന് ഹൈക്കോടതി വ്യക്തമാക്കി. മലങ്കരസഭയുടെ പള്ളികൾ 1934-ലെ മലങ്കര സഭാ ഭരണഘടന പ്രകാരം മാത്രമേ ഭരിക്കപ്പെടാവൂ എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി 1995-ലെയും 2017-ലെയും വിധി ന്യായങ്ങളിലൂടെ ഉറപ്പിക്കുയും തീർച്ചപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

ഈ പള്ളി സുപ്രീംകോടതിയിലെ കേസുകളിൽ കക്ഷി അല്ലാത്തതു കാരണം ഈ വിധി ന്യായങ്ങൾ ബാധകമല്ല എന്നുള്ള വിഘടിത വിഭാഗത്തിന്റെ വാദം കോടതി അംഗീകരിച്ചില്ല. സുപ്രീംകോടതി വിധി ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 142 പ്രകാരം രാജ്യത്തിന്റെ നിയമമാണ്. ആയതിനാൽ ഏതെങ്കിലും പള്ളികൾ സുപ്രീംകോടതിയിലെ കേസുകളിൽ നേരിട്ട് കക്ഷി ആണോ അല്ലയോ എന്നുള്ളതിൽ യാതൊരു പ്രസക്തിയുമില്ല എന്നും രാജ്യത്തെ നിയമം എല്ലാവർക്കും ബാധകമാണ് എന്നും കോടതി വ്യക്തമാക്കി.

റഷ്യൻ ഓർത്തഡോക്സ് സഭാ പ്രതിനിധികൾ പരുമല സെമിനാരി സന്ദർശിച്ചു. സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലിത്ത, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, അസി. മാനേജർമാരായ ഡോ. എം. എസ്. യൂഹാനോൻ റമ്പാൻ, ഫാ. മത്തായികുട്ടി വൈ. എന്നിവർ ചേർന്ന് സ്വീകരിച്ചു.

നീണ്ട 16 വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇടവക മെത്രാപ്പലീത്തായും, വൈദികരും പെരിയാമ്പ്ര സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ സെമിത്തേരിയിൽ പ്രവേശിച്ച് ശുശ്രൂഷകൾ നിർവ്വഹിച്ചു.

തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി സുവർണ്ണ ജൂബിലി

തോട്ടഭാഗം: കവിയൂർ സ്ലീബാ പള്ളി ഇടവകാംഗങ്ങളായ സ്ഥലവാസികൾ 1904-ൽ സ്ഥാപിച്ച എംജിഎം സൺഡേസ്കൂളും 1950ൽ ആരംഭിച്ച കൺവൻഷനും 1965-ൽ സ്ഥാപിച്ച കുരിശടിയുമാണ് ഇടവക സ്ഥാപനത്തിലേക്ക് നയിച്ചത്. നിരണം ഭദ്രാസനാധിപൻ തോമ്മാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ 1971 ഫെബ്രുവരി 7-ന് തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു. 33 ഭവനങ്ങൾ ചേർന്ന് രൂപീകരിച്ച ഇടവകയുടെ പ്രഥമ വികാരി തേവർവേലിൽ അലക്സാണ്ടർ മാത്യൂസ് കോറെപ്പിസ്കോപ്പായാണ്. 1996ൽ ഇടവക രജത ജൂബിലിയും 2004ൽ സൺഡേസ്കൂൾ ശതാബ്ദിയും ആഘോഷിച്ചു. പുനർനിർമ്മിച്ച പള്ളിയുടെ കൂദാശ 1998 ഫെബ്രുവരി 7-ന് നിർവഹിച്ചു. 1985ൽ ചെങ്ങന്നൂർ ഭദ്രാസനത്തിൽ ചേർത്ത ഇടവകയിൽ ഇപ്പോൾ 240 ഭവനങ്ങളുണ്ട്. ഇടവകാംഗങ്ങളായി 9 വൈദികരും ഒരു വൈദിക വിദ്യാർത്ഥിയുമുണ്ട്.

ഫാ. ഫിലിപ്പ് ജേക്കബ് മൂലമണ്ണിൽ (വികാരി), റോയി ചാണ്ടപ്പിള്ള (ജനറൽ കൺവീനർ), കെ. വി. വർഗീസ് (ജോയ്ൻറ് ജനറൽ കൺവീനർ), ടി. ഒ. വർഗീസ് (ട്രസ്റ്റി), മത്തായി വർഗീസ് (സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാട് ഖേദകരം: ഡോ. മാത്യൂസ് മാർ സേവേറിയോസ്

വാഷി സെന്റ് തോമസ് പള്ളി പെരുന്നാൾ

കോട്ടയം: സുതാര്യമല്ലാത്ത ശവസംസ്ക്കാര ബില്ലിനെതിരേ ഇതരസഭകളും പ്രതിപക്ഷവും പ്രതികരിച്ചതിൽ കുറ്റം കണ്ടുപിടിക്കുന്ന പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാട് അത്യന്തം ഖേദകരമാണെന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു.

ഈ ബില്ലു മൂലം ക്രൈസ്തവ സഭകൾക്ക് പൊതുവേ ഉണ്ടാകാവുന്ന വിപത്തുകളെ മുൻകൂട്ടി കണ്ടതുകൊണ്ടാണ് സഹോദര സഭകൾ എതിർപ്പു പ്രകടിപ്പിച്ചത്. അതിൽ നിന്നുണ്ടാകാവുന്ന സാമൂഹ്യവും നിയമപരവുമായ പ്രശ്നങ്ങളെ പ്രതിപക്ഷവും മനസിലാക്കുകയും ഉയർത്തിക്കാട്ടുകയും ചെയ്തു. മരിച്ചയാൾ ഇടവകാംഗമാണോ എന്നും അവരുടെ പൂർവ്വികർ യഥാർത്ഥത്തിൽ ആ പള്ളിയുടെ സെമിത്തേരിയിൽ അടക്കപ്പെട്ടിട്ടുണ്ടോ എന്നും ഉറപ്പുവരുത്തുവാൻ ആരെയും ചുമതലപ്പെടുത്താത്ത സാഹചര്യത്തിൽ, ഓർത്തഡോക്സ് സഭയുടെ സെമിത്തേരികളിൽ ആർക്കും ആരെ വേണമെങ്കിലും എപ്പോഴും കബറടക്കാനുള്ള സ്വാതന്ത്ര്യമാണ് ബില്ല് നൽകുന്നത്. സെമിത്തേരികളിൽ അരാജകത്വം സൃഷ്ടിക്കാൻ മാത്രമേ ഇത് ഉപകരിക്കൂ. മരണ സർട്ടിഫിക്കറ്റ് കൊടുക്കേണ്ട വികാരി ആരെന്ന് കൃത്യമായി നിർവ്വചിക്കാത്തതിനാൽ, ആർക്കുവേണമെങ്കിലും മരണസർട്ടിഫിക്കറ്റ് നൽകാമെന്ന അവസ്ഥയും സംജാതമായിരിക്കുന്നു. മൃതസംസ്ക്കാരത്തെ മാത്രം പ്രതിപാദിക്കുന്ന ഈ ബില്ല് സഭകൾ തമ്മിലുള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നത് എങ്ങിനെയെന്നും മനസിലാകുന്നില്ല.

കോയമ്പത്തൂർ സെന്റ് മേരീസ് പള്ളിയിലെ മൂന്ന് നോമ്പ് കൺവൻഷൻ ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നിർവഹിക്കുന്നു.

എല്ലാ സഭകൾക്കും ബില്ല് ബാധകമാക്കിയാൽ സാമൂഹിക വിപത്തുകൾ ഉണ്ടാകുമെന്ന തിരിച്ചറിവുകൊണ്ടാണ് ഇതരസഭകളെ ഒഴിവാക്കിയത് എന്നു മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എല്ലാ സഭകൾക്കും ബാധകമാക്കിയാൽ സാമൂഹ്യ വിപത്തുണ്ടാകും. എങ്കിൽ ഇതിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന സമൂഹങ്ങളും വിപത്തിനെ നേരിടേണ്ടി വരുമല്ലോ. പ്രതികൂല ഭവിഷ്യത്തുകൾ ഭാവിയിൽ ഇരുവിഭാഗങ്ങളും അനുഭവിക്കേണ്ടിവരും. പ്രശ്ന പരിഹാരത്തിന് എന്നപേരിൽ നടപ്പിലാക്കാൻ പോകുന്ന ഈ നിയമം മൂലം ആയിരക്കണക്കിന് പുതിയ കേസുകൾ ഉണ്ടാവുക മാത്രമായിരിക്കും ഫലമെന്നും മാർ സേവേറിയോസ് മെത്രാപ്പോലീത്ത പറഞ്ഞു.

കല്ലൂപ്പാറ കൺവൻഷൻ ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നിർവഹിക്കുന്നു. മാർ ക്രിസോസ്റ്റമോസ് സമീപം.

പിറവം പള്ളിയുടെ കീഴിലുള്ള ചാപ്പലുകളുടെ നിയന്ത്രണം: ഹർജി തീർപ്പാക്കി ഹൈക്കോടതി

കൊച്ചി: പിറവം പള്ളിയുടെ കീഴിലുള്ള ചാപ്പലുകളുടെ നിയന്ത്രണം വിട്ടു കിട്ടണം എന്നാവശ്യപ്പെട്ട് ഓർത്തഡോക്സ് സഭ നൽകിയ ഹർജി ഹൈക്കോടതി തീർപ്പാക്കി. തീർപ്പാക്കിയ റിട്ട് ഹർജിയിൽ ഉപഹർജി പരിഗണിക്കാനാകില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതി കേസ് തീർപ്പാക്കിയത്.

ഓർത്തഡോക്സ് പക്ഷത്തിന് തുടർ ഉത്തരവുകൾക്കായി കോടതിയലക്ഷ്യം അടക്കമുള്ള ഹർജികളുമായി വീണ്ടും കോടതിയെ സമീപിക്കാം. ആവശ്യമെങ്കിൽ ചാപ്പലുകളുടെ കാര്യത്തിൽ വ്യക്തത തേടി സുപ്രീം കോടതിയെ സമീപിക്കാം എന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. വലിയ പള്ളി കൈമാറിയ സാഹചര്യത്തിൽ പള്ളിക്ക് കീഴിലുള്ള 11 ചാപ്പലുകൾ തങ്ങൾക്ക് അവകാശപ്പെട്ടതാണെന്നും കൈമാറണമെന്നും ആവശ്യപ്പെട്ട് ഓർത്തഡോക്സ് പക്ഷത്തെ വികാരി സ്ക്കറിയ വട്ടക്കാട്ടിലാണ് ഉപഹർജി നൽകിയത്.

ഞാറക്കാട് സെന്റ് ജോൺസ് ഇടവകയുടെ പ്രധാന പെരുന്നാളിന് സഖറിയാസ് മാർ നിക്കോളവാസ് കൊടി ഉയർത്തുന്നു.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file

കുന്നംകുളം ഓർത്തഡോക്സ് കൺവൻഷൻ 2020 സമാപിച്ചു

ജനുവരി 30 മുതൽ ഫെബ്രുവരി 02 വരെ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് നഗറിൽ അടുപ്പുട്ടി മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി മൈതാനത്ത് നടന്ന കൺവൻഷന് സമാപനമായി.

വെള്ളിയാഴ്ച നടന്ന മാർത്ത മറിയം വനിതാ സമാജം ധ്യാനത്തിന് അഞ്ജന റബേക്ക റോയി നേതൃത്വം നൽകി. ശനിയാഴ്ച നടന്ന കുടുംബ സംഗമത്തിന് ഫാ.സുരേഷ് ജോസ് കപ്പൂച്ചിയൻ നേതൃത്വം നൽകി. പരിസ്ഥിതി പാലന സെമിനാറിന് തൃശ്ശൂർ സെന്റ് അലോഷ്യസ് കോളേജിലെ അസി. പ്രാഫസർഡോ.ജെയിൻ ജോൺ തേറാട്ട് നേതൃത്വം നൽകി. സമാപന സമ്മേളനം തൃശ്ശൂർ ജില്ല മണ്ണ സംരക്ഷണ ഓഫീസർ & ജലരക്ഷ-ജീവരക്ഷ നോഡൽ ഓഫീസർ സിന്ധു പി. ഡി. ഉദ്ഘാടനം ചെയ്തു.കിണർ റിചാർജിങ്ങ് – 2020 കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.വിവിധ മേഖലകളിൽ അംഗീകാരം നേടിയവരെയോഗം ആദരിച്ചു. ഞായറാഴ്ച നടന്ന സണ്ടേസ്കൂൾ സംഗമത്തിന് പ്രവീൺ വർഗ്ഗീസ് തോമസ് നേതൃത്വം നൽകി. സോണൽ തല വിജയികളെ യോഗം ആദരിച്ചു.

കൺവൻഷൻ പ്രാസംഗികരായ ഫാ.ഡോ.സജി അമയിൽ, ഫാ.സഖറിയ നൈനാൻ, ഫാ.വർഗ്ഗീസ് ടി.വർഗ്ഗീസ്, ഫാ.മോഹൻ ജോസഫ് എന്നിവർ വാഴം മുതൽ ഞായർ വരെയുള്ള ദിവസങ്ങളിൽ തിരുവചന ശുശ്രൂഷ നിർവഹിച്ചു. ഞായറാഴ്ച നടന്ന കൺവൻഷനിൽ കുന്നംകുളം ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാ. ടി. സി. ജെയ്ക്കബ് സ്വാഗതവും കൺവൻഷൻ ജനറൽ കൺവീനറും ഭദ്രാസന സെക്രട്ടറിയുമായ ഫാ. ജോസഫ് ചെറുവത്തൂർ നന്ദിയും രേഖപ്പെടുത്തി.

ഫോട്ടോഗ്രാഫറായ ജോജിൻ രാജുവിന്റെ സമഗ്ര സംഭാവനകൾക്ക് മൊമെന്റാ നൽകി കൺവൻഷനിൽ ആദരിച്ചു. കൺവൻഷൻ സമാപന സന്ദേശം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ആയിരക്കണക്കിന് വിശ്വാസികൾ ഭദ്രാസനത്തിന്റെ വിവിധ മേഖലകളിൽ നിന്നുമായി കൺവൻഷനിൽ പങ്കെടുത്തു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

MOSC-ROC Bilateral Dialogue Started

On February 3, 2020 His Holiness Moran Mar Baselios Marthoma Paulos II received a delegation from the Russian Orthodox Church (Moscow Patriarchate) at Mar Baselios Dayara, Njaliakuzhy, Kerala, India.

Members of the Delegation included His Eminence Archbishop Leonid of Vladikavka & Alania, Deputy Chairman of the Moscow Patriarchate Department for External Church Relations, Hieromonk Stefan Igumnov, Secretary for inter-Christian relations, Reverend Deacon Dimitry Serov, Executive Secretary of the Commmission for student exchange and Mr. Ruslan A. Ahmatkhanov, Executive Staff, Department for External Church Relations.

The Russian Orthodox delegation offered visitation to His Holiness conveying the prayers and love of His Holiness Patiarch Kyrill of Moscow, and all Russian Orthodox faithful. The delegation thanked God, seeing His Holiness is very well after a slight issue with his health. The Catholicos emphasized the importance of the bilateral talks for both churches, which will have a lasting effect on the Orthodox Church as a whole. His Holiness conveyed his kind greetings and love to His Holiness Patriarch Kyrill, especially for his concern in the recent weeks.

The Russian Orthodox delegation are visiting Kerala for the Meeting of the Joint Working Committee for Bilateral Relations between the Malankara Orthodox and Russian Orthodox churches from February 3 to 8, 2020. This will be first meeting of the bilateral dialogue as agreed upon during the meeting of the Primates in Moscow in September 2019. His Grace Zachariah Mar Nicholovos, Metropolitan and President of the Department of Ecumenical Relations for the Malankara Church is facilitating this meeting.

കുന്നംകുളം കൺവൻഷനിൽ ഫോട്ടോഗ്രാഫറായ ജോജിൻ രാജുവിന്റെ സമഗ്ര സംഭാവനകളെ മുൻനിർത്തി മൊമെന്റാ നൽകി ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് ആദരിച്ചു.

കടമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ പെരുന്നാൾ ചടങ്ങുകൾക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര സമിതി സംഘടിപ്പിച്ച തലമുറകളുടെ സംഗമം തിരുവല്ല കട്ടപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ.

തട്ടിക്കൂട്ട് ബില്ലെന്ന് നിയമസഭാ സാമാജികർ

അപക്വവും അപര്യാപ്തവുമാണ് ക്രിസ്ത്യൻ ശവസംസ്കാര ബിൽ

- സണ്ണി ജോസഫ്.

ബിൽ കൂടുതൽ പ്രശ്നങ്ങളുണ്ടാക്കും. ക്രൈസ്തവ സഭകളുടെ പശ്ചാത്തലം മനസ്സിലാക്കാതെയുള്ള നിയമനിർമാണം.

- വി. ഡി. സതീശൻ.

ഇന്ത്യൻ ക്രിസ്ത്യൻ സഭ എന്നു പറഞ്ഞാൽ അത് ഓർത്തഡോക്സ് സഭയാണ്

- പി. സി. ജോർജ്

ഒരു ബില്ലു കൂടെ ചവറ്റുകൊട്ടയിൽ തള്ളപ്പെടും!

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

നിലപാട് വെളിപ്പെടുത്തിയ എം.എൽ.എ. യുടെ കോലം കത്തിച്ച് വിഘടിത വിഭാഗം

സർക്കാരിന്റെ പുതിയ ബുദ്ധി, കേരളത്തിലെ ക്രിസ്ത്യൻ സഭകളെ തമ്മിലടിപ്പിക്കും. സെമിത്തേരി ഭേദഗതി നിയമം ഈ രീതിയിൽ അവതരിപ്പിക്കരുത്. വെളുക്കാൻ തേച്ചത് പാണ്ടായി മാറും. യാക്കോബായ ഓർത്തഡോക്സ് തർക്കം രാഷ്ട്രീയ നേട്ടത്തിന് ഉപയോഗിക്കരുത്.

- അനിൽ അക്കര എം.എൽ.എ.

നിലപാട് പറഞ്ഞതിന്റെ പേരിൽ പച്ചക്ക് കത്തിച്ചാലും നിലപാട് മാറ്റില്ല. ഇന്ന് നിയമസഭയിൽ മുഖ്യമന്ത്രിക്ക് വേണ്ടി നിയമ മന്ത്രി അവതരിപ്പിച്ച സെമിത്തേരി ഭേദഗതി ബില്ലിൽ എന്റെ അഭിപ്രായം ഞാൻ fb യിൽ കുറിപ്പായി രേഖപ്പെടുത്തിയിരുന്നു. അത് ഇവിടെ വീണ്ടും ചിത്രമായി ഇട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നിയമസഭയിൽ സംസാരിച്ച ഭരണ, പ്രതിപക്ഷ mla മാരെല്ലാം ഈ നിയമത്തിൽ ഭേദഗതി വേണം എന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുമുണ്ട്. അവസാനം സബ്ജക്റ്റ് കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചപ്പോഴും നിയമ മന്ത്രി പറഞ്ഞത് ആവശ്യമായ ഭേദഗതിവരുത്തും എന്ന് തന്നെയാണ്.

വൈകീട്ട് ചേർന്ന് സബ്ജക്റ്റ് കമ്മറ്റിയിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ആ മാറ്റം ഉണ്ടായിക്കാണും എന്ന് തന്നെയാണ് ഞാൻ കരുതുന്നത്. എന്നാൽ നിയമസഭയിൽ ഈ വിഷയത്തിൽ സംസാരിക്കുകപോലും ചെയ്യാത്ത എന്നെ അനാവശ്യമായി ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞത് യാക്കോബായ വിരോധിയാക്കുകയാണ് സിപിഎം അനുഭാവികൾ,

എന്റെ നിലപാടിൽ ഞാൻ ഉറച്ച് നില്ക്കുകയാണ്. ഇവിടെ സിപിഎം യാക്കോബായ-ഓർത്തഡോക്സ് തർക്കത്തിൽ ഒരു ഭാഗത്താണ്. എന്നാൽ ഈ വിഷയം ആ പരിധിയിൽ നിന്നും കടന്നപ്പോൾ സിപിഎം എടുത്ത നിലപാട് അടുത്ത 11-ന് വീണ്ടും നിയമമായി സഭയിൽ വരുമ്പോൾ എന്നെ വിമർശിക്കുന്നവർക്ക് മനസ്സിലാകും. അന്ന് ഇപ്പോൾ എന്നെ വിമർശിക്കുന്നവർക്ക് തെറ്റ് പറ്റിയെന്ന് ഞാൻ പറയില്ല, യാഥാർത്ഥ്യം ബോധ്യപെട്ടാൽ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം.

- അനിൽ അക്കര എം.എൽ.എ.

സർക്കാർ നിലപാട് തിരുത്തി, ഇന്നലെ അവതരിപ്പിച്ച ബില്ലല്ല സബ്ജക്റ്റ് കമ്മിറ്റി ഭേദഗതി വരുത്തി ഇന്നവതരിപ്പിച്ചത്. ബില്ലിന്റെ പേരിൽ തന്നെ മാറ്റം വരുന്ന രീതിയിൽ മലങ്കര ഓർത്തഡോക്സ് -യാക്കോബായ വിഭാഗങ്ങളിൽ പെട്ട ക്രിസ്ത്യാനികളുടെ എന്നാക്കി മാറ്റി. ഇപ്പോൾ ഇന്നലെ എന്നെ കുറ്റപ്പെടുത്തിയ, എന്നെ കത്തിച്ച എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾ ഇന്നലെ ഞാനിട്ട കുറിപ്പും ഒന്ന് വായിച്ച് വിലയിരുത്തണം. എന്നിട്ട് നിന്റെ അയൽക്കാരനെ നിങ്ങൾക്ക് കല്ലെറിയാം.

- അനിൽ അക്കര എം.എൽ.എ.

(ആദ്യത്തെ രണ്ട് പോസ്റ്റുകളും ഫെബ്രുവരി 6-ന് ഫെയിസ് ബുക്കിൽ എഴുതിയത്. മൂന്നാമത്തേത് ഫെബ്രുവരി 7-ന് എഴുതിയത്)

പാമ്പാടി തിരുമേനിയുടെ ജീവിതം കുട്ടികൾക്ക് മാതൃക: മാർ നിക്കോദിമോസ്

പത്തനംതിട്ട : മലങ്കരയുടെ മഹാപരിശുദ്ധൻ പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സചിത്ര ഗ്രന്ഥം 'കുട്ടികളുടെ പാമ്പാടി തിരുമേനി: ജീവിതം, ദർശനം, മധുരമൊഴികൾ' ഗ്രന്ഥം ബാലസമാജം പ്രസിഡൻറ് ഡോ. ജോഷ്വാ മാർ നിക്കോദിമോസ് നഥാനിയേൽ റമ്പാനു നൽകി പ്രകാശനം ചെയ്തു. മൈലപ്ര മാർ കുറിയാക്കോസ് ആശ്രമത്തിൽ വച്ച് നടന്ന അഖില മലങ്കര ബാലസമാജം നേതൃത്വ പരിശീലന ക്യാമ്പിൽ വച്ചാണ് ബാലസമാജം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു പി. തോമസ് രചിച്ച ഗ്രന്ഥം പ്രകാശിപ്പിച്ചത്. പാമ്പാടി തിരുമേനിയുടെ ജീവിതം കുട്ടികൾക്ക് മാതൃകയാണെന്നും വിദ്യാർത്ഥികളും യുവാക്കളും വിശുദ്ധ ജീവിതങ്ങൾ വായിക്കുകയും പഠിക്കുകയും പിൻപറ്റുകയും ചെയ്യണമെന്നു മാർ നിക്കോദിമോസ് പറഞ്ഞു. അചഞ്ചലമായ ദൈവവിശ്വാസം, ഭക്തി, മനുഷ്യസ്നേഹം, പ്രാർത്ഥനയും ഉപവാസവും, ഗുരുഭക്തി, വിശ്വാസസ്ഥിരത, സന്യാസനിഷ്ഠ, ദീനാനുകമ്പ, കർമ്മധീരത എന്നിവയാൽ സ്വജീവിതം കർമ്മോന്മുഖമാക്കിയ തിരുമേനിയുടെ ജീവിതം വിശ്വാസികൾക്ക് ആത്മീയ പാഠപുസ്തകമാണെന്നും, മലങ്കര സഭയിലെ സകല വിശ്വാസികളും വായിച്ചിരിക്കേണ്ട ചെറുതും ലളിതവും സമഗ്രവുമായ ഈ കൃതിയിൽ ഗ്രന്ഥകാരൻ അവലംഭിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫാ. ജിത്തു തോമസ്, ഡോ. വർഗീസ് മാത്യു, ലിസി അലക്സ്, ലിബിൻ പുന്നൻ എന്നിവർ പ്രസംഗിച്ചു.

STOTS HONOURING THE NEW PRESIDENT OF SENATE OF SERAMPORE

A program was organized in honour of H.G. Dr. Zacharias Mar Aprem Metropolitan on being elected as the new President of the Senate of Serampore College at STOTS on 3rd February 2020. Rev. Dr. Abraham Mathew (Executive Secretary, Policy, Governance and Public Witness, NCCI) was the Chief Guest. Principal Fr. Dr. Jossi Jacob welcomed the gathering. Rev. Dr. Abraham Mathew and V. Rev Yohannan Ramban gave felicitations to the newly elected president of Senate. Rev. Fr. Yohannan K. delivered the vote of thanks. H.G. Dr. Zacharias Mar Aprem is at STOTS, for a 3 day visit, to lead the community in the Nineveh Lenten Retreat.

സെമിനാർ നടത്തി

ഖത്തർ: ദോഹ മലങ്കര ഓർത്തഡോക്സ് ചർച്ച് ബാച്ചിലർ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 'പ്രതിബദ്ധതയും യൗവനവും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. കോട്ടയം വൈദിക സെമിനാരി അധ്യാപകനായ ഫാ. ഡോ. സജി അമയിൽ ക്ലാസ് നയിച്ചു. വികാരി ഫാ. ടി. എ. ഡാനിയൽ, അസോസിയേറ് വികാരി ഫാ.തോമസ് ഫിലിപ്പോസ്, തെന്മല സെന്റ് ജോർജ് പള്ളി വികാരി ഫാ.ടി.എം ജേക്കബ് എന്നിവർ നേതൃത്വം നൽകി. ജസ്ബിൻ മറിയം യോഹന്നാൻ വേദപുസ്തക വായന നടത്തി. ചാക്കോ ജോൺ സ്വാഗതവും ജിൽസൺ തോമസ് നന്ദിയും പറഞ്ഞു.

വിളംബര റാലി

കോട്ടയം: പ. കുറിച്ചി ബാവായുടെ കാതോലിക്ക സ്ഥാനാരോഹണ നവതി ആഘോഷത്തിന്റെ സമ്മേളനത്തിന്റെ മുന്നോടിയായ വിളംബര റാലി ഫെബ്രു. 9-ന് 1.30 ന് കുറിച്ചി വലിയപള്ളിയിൽ നിന്ന് ആരംഭിച്ച് വള്ളിക്കാട്ട് ദയറാ, വാകത്താനം പള്ളി, തോട്ടയ്ക്കാട് പള്ളി, മീനടം പള്ളി, പാമ്പാടി ദയറാ, പാമ്പാടി കത്തിഡ്രൽ, വെള്ളുക്കുട്ട പള്ളി, നിലയ്ക്കൽ പള്ളി. പുതുപ്പള്ളി പള്ളി, കൊല്ലാട് പള്ളി, ദേവലോകം അരമന, പള്ളം പള്ളി ,കുറിച്ചി ചെറിയപള്ളി വഴി പരിശുദ്ധ പിതാവിന്റെ മാതൃഇടവകയായ കുറിച്ചി വലിയപള്ളിയിൽ എത്തിചേരുന്നതാണ്. പാമ്പാടി ദയറായിൽ നിന്ന് തിരുമേനിയുടെ ചിത്രം ഉള്ള കൊടി പ്രാർത്ഥിച്ച് നൽകും, ദേവലോകം അരമനയിൽ നിന്ന് ദീപശിഖ കത്തിച്ച് നൽകും വികാരി, ഇട്ടി തോമസ് കാട്ടാമ്പാക്കൽ, ഫാ. കറിയാക്കോസ് ബേബി ട്രസ്റ്റി.കെ.ജെ കുറിയാക്കോസ്, സെക്രട്ടറി കെ.സി ചാക്കോ, വിളംബര റാലി കൺവീനർമാരായ ജോജി നേര്യന്തറ, സുബി വട്ടം ചിറ എന്നിവർ നേതൃത്വം നൽകും

കാഞ്ഞിരമറ്റം പള്ളി: വിഘടിത വിഭാഗം വൈദികർക്ക് നിരോധനം

കൊച്ചി: കൊച്ചി ഭദ്രാസനത്തിൽപ്പെട്ട കാഞ്ഞിരമറ്റം പള്ളിയിൽ 1934-ലെ മലങ്കരസഭയുടെ ഭരണഘടന അനുസരിക്കുന്ന വൈദികർക്കും മാത്രമേ പള്ളി ഭരിക്കാനും ശുശ്രൂഷ നടത്തുവാനും പാടുള്ളുവെന്നും അല്ലാത്തവർക്ക് പള്ളിയിൽ പ്രവേശിക്കാൻ സാധ്യമല്ലായെന്നും ഹൈക്കോടതി ഉത്തരവിട്ടു.

ഡോ. ജേക്കബ് റോയ് നിര്യാതനായി

ആതുര ശുശ്രൂഷ രംഗത്ത് അമൂല്യ സംഭാവനകൾ നൽകിയ ഡോ. ജേക്കബ് റോയ് വിടവാങ്ങി. Alzheimer's Disease International എന്ന അന്താരാഷ്ട്ര സംഘടനയുടെ ചെയർമാൻ സ്ഥാനം വഹിച്ച ആദ്യ ഏഷ്യൻ വംശജൻ ആണ്. കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിലെ ശിശുരോഗ വിദഗ്ദ്ധൻ, തലക്കോട് നിർമല ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം, അവരുടെ പുരവധിവാസം എല്ലാം ഒരുക്കുന്ന ട്രോപ്പിക്കൽ ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനാണ്. ഓലിയിൽ കൂനപ്പിള്ളിൽ ഒ. സി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ പുത്രനാണ്. പിതാവിന്റെ ചരമ വാർഷിക ദിനത്തിലാണ് വിയോഗം.